UNIVERSITY LIBRARY
15 JAN 1935
MADRAS

# കൈരളി

പുസ്തകം ൧൰. | ൧൧൧൦ കന്നി | ലക്കം ൩.

## രാമാനുജാചാര്യർ.

[കുന്നത്തു ജനാർദ്ദനമേനോൻ.]

ഭാരതവർഷത്തിൽ നവ്യപ്രസ്ഥാനകാരന്മാരെന്നു സർവ്വജനസമ്മതന്മാരായി മൂന്നുപേർ പ്രവർത്തിച്ചിട്ടുണ്ടു്. ശങ്കരൻ, രാമാനുജൻ, മധ്വൻ എന്നിവരാണവർ. ഇവർ മൂവരും ഭാരതീയ സമുദായത്തെ കാലോചിതം പരിഷ്കരിച്ചവരാണ്. ജാതിമതഭേദങ്ങളെക്കൊണ്ടു ജനങ്ങൾ കലങ്ങിമറിഞ്ഞു ദുഷിച്ചുകെട്ടുന്നതു കണ്ടു് അവരെ സംസ്കരിച്ചു കൂട്ടിയിണക്കി മുന്നോട്ടു നടത്തിയവരാണ് ഇവർ മൂവരും. ശങ്കരന്റെ പ്രസ്ഥാനം അദ്വൈതവും, രാമാനുജന്റേതു വിശിഷ്ടാദ്വൈതവും, മധ്വന്റേതു ദ്വൈതവുമാണ്. മനുഷ്യവർഗ്ഗത്തിന്റെ പരമോൽകർഷം ജ്ഞാനംകൊണ്ടാണു സാധിക്കുകയെന്നു ശങ്കരൻ സിദ്ധാന്തിക്കുന്നു. ജ്ഞാനപൂർവ്വകമായ ഭക്തിയാൽമാത്രമേ മനുഷ്യർ ഏകത്വത്തെ പ്രാപിക്കയുള്ളുവെന്നാണു രാമാനുജന്റെ മതം. കേവലം ഭക്തികൊണ്ടു മനുഷ്യനു ശാന്തിയെ നേടാമെന്നു മധ്വൻ സ്ഥാപിക്കുന്നു. ഈ ഓരോ പ്രസ്ഥാനവും അതതിന്റെ കാലത്തു് ഭാരതവർഷം മുഴുവൻ വ്യാപിച്ചിട്ടുണ്ടു്. ശങ്കരൻ ക്രിസ്ത്വബ്ദം ൭൮൮-ലും രാമാനുജൻ ൧൦൧൭-ലും മധ്വൻ ൧൧൯൯-ലുമാണ് ജനിച്ചതെന്നു് ഊഹിക്കുന്നു.

ഈ പ്രസ്ഥാനകാരന്മാർ മൂവരും കേരളത്തോട്ട് ബന്ധമുള്ളവരാണ്. ശങ്കരൻ കേരളീയൻതന്നെയാണല്ലോ. തുളുനാട്ടുകാരനാണു മധ്വൻ. തുളുനാടും മലനാടും പരശുരാമക്ഷേത്രത്തിൽ ഉൾപ്പെട്ടിരിക്കുന്നു. തുളുവന്മാരും മലയാളികളും ഒരേസമുദായമെന്നപോലെ അത്രയ്ക്കു് ഇണങ്ങീട്ടാണ് കഴിഞ്ഞുപോന്നിരിക്കുന്നതു്. തുളുലിപിയിൽ നിന്നാണ് ഈ

മലയാളലിപി ഉണ്ടായിരിക്കുന്നതെന്നും ഓൎക്കണം. അതുകൊണ്ട്, തുളുവനായ മധ്വനെ കേരളത്തിന്നു സ്വപുത്രനായ്ത്തന്നേ കൊണ്ടാടാമല്ലോ.

രാമാനുജപ്രസ്ഥാനത്തിന്റെ ആദികൎത്താവ് ചടകോപനാണ്. ഈ ചടകോപനെ ഷഡ്ഗോപൻ എന്നോ ശഠകോപൻ എന്നോ എങ്ങിനെയാണ് എഴുതേണ്ടതെന്ന് അറിഞ്ഞുകൂടാ. തമിഴനാണല്ലോ അദ്ദേഹം. തമിഴിൽ എഴുതിക്കാണുന്നതുപോലെ പകൎത്തുകയാണെങ്കിൽ അദ്ദേഹത്തിന്റെ പേരു ചടകോപൻ എന്നാണ്. അദ്ദേഹത്തിൽ നിന്നാണു വൈഷ്ണവസിദ്ധാന്തത്തിന്റെ ഉത്ഭവം. അതുതന്നെയാണു വിശിഷ്ടാദ്വൈതമായി രാമാനുജനിൽ വളൎന്നത്. ചടകോപന്റെ അമ്മ ഒരു മലയാളിസ്ത്രീയാണ്. തിരുനങ്ങ എന്നാണത്രേ പേര്. വെൺപരിയാരം എന്നാണു നാടിന്റെ പേര് എന്നും കാണുന്നു. ഒരു മലയാളിസ്ത്രീയുടെ പുത്രനിൽനിന്നുണ്ടായ പുതിയമതത്തിന്റെ സംവൎദ്ധനനായ രാമാനുജനു മലയാളത്തോടുള്ള ബന്ധം സ്പഷ്ടമാണല്ലോ.

ഇന്നത്തെ ഓരോ യൂനിവേഴ്സിററിപോലെയാണ് അന്നത്തെ ഓരോ ഗുരുകുലം. സാമാന്യവിദ്യാഭ്യാസമെല്ലാം കഴിഞ്ഞു ഗുരുകുലത്തിൽ പ്രവേശിക്കുമ്പോഴേക്കുതന്നേ രാമാനുജനിൽ നവ്യപ്രസ്ഥാനവിചാരം അങ്കുരിച്ചുകഴിഞ്ഞു. പഴമക്കൂടിയ ഗുരുകുലത്തിൽ സ്വതന്ത്രനും ഉൽപതിഷ്ണുവുമായ ആ ശിഷ്യൻ അടങ്ങാതെയായി. അങ്ങിനെ ഗുരുശിഷ്യന്മാൎക്കു തമ്മിൽ വഴക്കു മൂത്തു. ഗുരുവിൽനിന്നു കിട്ടുന്ന അറിവു മുഴുവൻ തന്റെ നവ്യപ്രസ്ഥാനത്തിന്റെ പോഷണത്തിന്നാണു രാമാനുജൻ വിനിയോഗിച്ചത്. പൂൎവ്വപ്രസ്ഥാനത്തോട് എപ്പോഴും ഇടഞ്ഞുകൊണ്ടുനിന്ന ആ ശിഷ്യനെ ഒടുക്കം ഗുരുവിന്നു തള്ളിക്കളയേണ്ടിവന്നു. ഗുരുകുലത്തിൽനിന്ന് അപ്രകാരം ബഹിഷ്കൃതനായ രാമാനുജനു തന്റെ ജ്ഞാനതൃഷ്ണയെ ശമിപ്പിക്കുന്നതിന്ന് അന്നത്തെ പല മഹാജ്ഞാനികളേയും ആശ്രയിക്കേണ്ടിവന്നിട്ടുണ്ട്.

ജാതിഭേദം കൂടാതെയാണു രാമാനുജന്റെ പ്രവൃത്തി. ബ്രാഹ്മണകുലജാതനായ അദ്ദേഹം തന്റെ സ്ഥാനത്തു ചണ്ഡാലനേയും ആദരിക്കുന്നതിൽ സന്തുഷ്ടനായി. വിദ്വന്മണിയായ ശൂദ്രന്റെ ഉച്ഛിഷ്ടാന്നം പോലും അദ്ദേഹത്തിന്നു സുഖാസ്വാദ്യമായിട്ടാണു തോന്നിയത്. തന്റെ ഭാൎയ്യ ഒരു പണ്ഡിതന്റെ ഭാൎയ്യയിൽ ജാതിത്താഴ്ച കണ്ട് അവമാനിച്ചുവെന്ന ഹേതുവാൽ അവളെ അദ്ദേഹം പരിത്യജിച്ചു. ജ്ഞാനിയോ ഭക്തനോ ഏതു ജാതിയനായാലും പൂജനീയനാണെന്നാണ് അദ്ദേഹത്തിന്റെ മതം. അതു് അദ്ദേഹം വാക്കിൽ മാത്രമല്ലാ, സാധാരണ കൎമ്മങ്ങളിൽപ്പോലും അനുവൎത്തിച്ചു കാണിച്ചു. സത്യത്തിന്നും പ്രേമത്തിന്നും

ഇണങ്ങിക്കാണാത്ത മാമൂലിനെയെല്ലാം വിക്രമത്തോടെ അടിച്ചു തകൎത്തു കൊണ്ടാണു് അദ്ദേഹത്തിൻെറ ജീവിതഗതി. അതിലേക്കു് അദ്ദേഹത്തിന്നു ചെയ്യുവാനരുതാത്തതായ പരിത്യാഗമൊന്നും ഉണ്ടായില്ല.

ഏററവും രഹസ്യമെന്നു കരുതിപ്പോരുന്ന ഒരു വൈഷ്ണവമന്ത്രം ഒരിക്കൽ രാമാനുജന്നു തൻെറ ഒരു ഗുരുവിൽനിന്നു കിട്ടി. രാമാനുജനെ വളരെനാറം ക്ലേശിപ്പിച്ചു് ആ ജിജ്ഞാസുവിൻെറ മനസ്സിന്നുള്ള പരിപാകതയെ നല്ലവണ്ണം പരിക്ഷിച്ചതിൽപ്പിന്നെയാണു് ആ ഗുരു അദ്ദേഹത്തിന്നു് ആ മന്ത്രം നൽകിയതു്. ആ മന്ത്രം നിത്യം ജപിച്ചാൽ പരമശ്രേയസ്സുണ്ടാകുമെന്നും, എന്നാൽ അതിനെ അന്യരെ അറിയിച്ചാൽ ഘോരനരകത്തിൽ പതിക്കുമെന്നും ഉപദേശകാലത്തു ഗുരു അറിയിക്കയുണ്ടായി. ആ മന്ത്രത്തിൻെറ സിദ്ധി തന്നെത്താൻ ഗ്രദ്ധമായി അനുഭവിക്കുന്നതിൽ രാമാനുജന്നു സുഖം തോന്നിയില്ല. അദ്ദേഹം അങ്ങൊരു മഹോത്സവകാലത്തു ബഹുജനങ്ങളുടെ മുമ്പിൽ ചെന്നുനിന്നു്, തനിക്കൊരു മന്ത്രം ഉപദേശിച്ചുകിട്ടീട്ടുണ്ടെന്നും, അതു ശരിയായി ജപിച്ചാൽ ശ്രേയോലാഭത്തിന്നു ഹേതുവാകുമെന്നാണു ഗുരുമതമെന്നും പറഞ്ഞു് ആ മന്ത്രം അവിടെ നിസ്സംശയം വെളിപ്പെടുത്തി. അന്യരെ അതു അറിയിക്കുകകൊണ്ടു ഗുരുവാക്കുപോലെ താൻ നരകത്തിൽ പതിക്കുകയാണെങ്കിൽ, ജനങ്ങറക്കെല്ലാവൎക്കും ശ്രേയസ്സിന്നു വഴി കാണിച്ചുകൊടുക്കുന്നതിൽനിന്നു തനിക്കു് അനുഭവിക്കേണ്ടിവരുന്ന എത്ര ഘോരതരമായ പീഡയും താൻ സംപ്രീതിയോടെ സഹിച്ചുകൊള്ളാമെന്നു് അദ്ദേഹം പ്രസ്താവിക്കയും ചെയ്തു. തൻെറ ശിഷ്യൻ ഇങ്ങിനെ ആ മന്ത്രം വെളിപ്പെടുത്തിയതിൽ മഹാശയനായ ഗുരുവിന്നു് ഒട്ടും അപ്രിയമുണ്ടായില്ലാം. രാമാനുജൻെറ ധീരതയേയും പരോപകാരശീലത്തേയും അദ്ദേഹം പുകഴ്ത്തിയതേയുള്ളു.

രാമാനുജൻ ജനിച്ചുവളൎന്നതു കാഞ്ചീപുരത്താണെങ്കിലും, ശ്രീരംഗത്തെയാണു തൻെറ നവ്യപ്രസ്ഥാനത്തിന്നു കേന്ദ്രമാക്കിയതു്. ചോഴമണ്ഡലത്തിൽ ഉറപ്പെട്ടതാണു് ശ്രീരംഗം. അന്നത്തെ ചോഴമന്നൻ വിശ്രുതനായ കുലോത്തുംഗനാണു്. പരിഷ്കാരവിമുഖന്മാരായ മാമൂൽകോമരങ്ങളാൽ രാജാവു വിലോഭിതനായി. അദ്ദേഹം രാമാനുജൻെറ പ്രസ്ഥാനത്തെ അടിച്ചുതകൎക്കുവാൻ മുന്നിട്ടു. രാജകോപംകൊണ്ടു രാമാനുജീയന്മാൎക്കു നിലയില്ലാതെയായി. തൻെറ സിദ്ധാന്തത്തെ രാജപ്രിയത്തിന്നുവേണ്ടി ബലികൊടുക്കുവാൻമനസ്സില്ലാതെ രാമാനുജന്നു നാടുവിടേണ്ടിവന്നു. രാവെന്നും കാടെന്നുമില്ലാതെ നടന്നു നടന്നു വളരെയെല്ലാം കഷ്ടപ്പെട്ടു മൈസൂരിൽ വിട്ടലദേവൻ വാഴുന്ന ഹോയ്‌സാലാ രാജ്യത്തു് അദ്ദേഹം ചെന്നുചേൎന്നു. തൻെറ കൂട്ടുകാർ സ്വദേശത്തു രാജകോപ

ത്തിന്നു ദാരുണമായി ഇരയാകുന്നതും, തന്റെ ബഹുകാലത്തെ പ്രയത്ന ഫലമെല്ലാം തകൎന്നുപോകുന്നതും കേട്ട് അദ്ദേഹത്തിന്നു ദുസ്സഹമായ പരിതാപമുണ്ടായി. എന്നാലും, ആ മഹാപുരുഷൻ ഒട്ടും ക്ഷീണനാ യില്ലാ. മേൽക്കോട്ടയെന്ന തിരുനാരായണപുരത്തെ കേന്ദ്രമാക്കിക്കൊണ്ടു തന്റെ നവ്യപ്രസ്ഥാനത്തിന്റെ വിജയത്തിന്നായി അദ്ദേഹം വീണ്ടും ഉദ്യമിച്ചുതുടങ്ങി. ഇരുപതുവൎഷംകൊണ്ടു നീലഗിരിമുതൽ തിരുപ്പതിവ രേക്കുമുള്ള നാട്ടുകളെല്ലാം രാമാനുജീയമായിത്തീൎന്നു. അദ്ദേഹത്തിന്റെ കീൎത്തി ഹിമാലയംവരേക്കും വ്യാപിക്കയും ചെയ്തു. അപ്പോഴെക്കും കുലോ ത്തുംഗൻ മരിക്കയാൽ രാമാനുജന്നു ശ്രീരംഗത്തേക്കു മടങ്ങിവരാമെന്നായി. ചോഴനാട്ടിന്റെ ഉത്തരപ്രദേശങ്ങളെല്ലാം രാമാനുജാധീനമാകയാലും, ചോഴന്മാരിൽത്തന്നെ രാമാനുജപക്ഷം ആന്തരമായി വളൎന്നിരുന്നതി നാലും കുലോത്തുംഗന്റെ പുത്രൻ സ്വരക്ഷയ്ക്കുവേണ്ടി രാമാനുജനെ അഭയം പ്രാപിച്ചു; അതോടുകൂടി രാമാനുജവിജയം ഉച്ചസ്ഥമായി. പുതുമയിൽ പ്രവൎത്തിക്കുകകൊണ്ടു രാജാവിനാൽ ബഹിഷ്കൃതനായ രാമാനുജൻ വിശിഷ്ടാചാരങ്ങളാൽ ജനങ്ങളെ സംയോജിപ്പിച്ചതിനാലു ണ്ടായ ബലത്താൽ രാജാവിനാൽത്തന്നെ സംപൂജിതനായി.

പട്ടരേയും പറയനേയും മാത്രമല്ലാ, ഹിന്തുവിനേയും മുസ്ലീമി നേയും ദൈവത്തിന്റെ മുമ്പിൽ തുല്യഭാവേന ഇണക്കുകയെന്നതാണു രാമാനുജന്റെ ജീവിതോദ്ദേശം. ശങ്കരാചാൎയ്യന്റേതും ഇതുതന്നെയായി രുന്നുവെങ്കിലും ഇരുവരുടേയും ദൎശനത്തിന്നു വ്യത്യാസമുണ്ട്. ബ്രഹ്മം ഏകമാകയാൽ ബ്രാഹ്മണനും ചണ്ഡാലനും സമന്മാരാണെന്നാണു ശങ്ക രമതം. ഈശ്വരൻ സൎവ്വവ്യാപിയാകകൊണ്ട് അയിത്തത്തിന്ന് എവിടെ യാണ് സ്ഥാനം എന്നു രാമാനുജൻ ചോദിക്കുന്നു. ഭക്തനെ ഏതു ജാതി യിൽ കണ്ടാലും അദ്ദേഹം പൂജിക്കും. അദ്ദേഹത്തിന്റെ ആധിപത്യ ത്തിൽ ഉയൎന്നുവന്ന ശ്രീരംഗത്തും തിരുപ്പതിയിലും മററും ഭക്തന്മാരായ ശൂദ്രരുടേയും, പാണരുടേയും പറയരുടേയുമെല്ലാം വിഗ്രഹങ്ങളെ പ്രതി ഷ്ഠിച്ചിട്ടുണ്ട്. ആ വിഗ്രഹങ്ങളെ ഇന്നത്തെ മാമൂൽത്തുങ്ങികൾപോലും പൂജിച്ചുവരുന്നതുമുണ്ട്. പാണന്റേയും പറയന്റേയും വിഗ്രഹങ്ങളെ കോവിലിന്നകത്തു കടന്ന് ആരാധിക്കുന്നവർ, പുറത്തുവരുമ്പോൾ പാണനിലും പറയനിലും അയിത്തം കാണുന്നുപോൽ! താൻ സ്ഥാപി ച്ചിട്ടുള്ളതും രക്ഷിച്ചിട്ടുള്ളതുമായ എല്ലാ ക്ഷേത്രങ്ങളിലും ഏതു ജാതിക്കാരനും തുല്യാധികാരത്തോടെ അകത്തുകടന്ന് ആരാധിക്കാമെന്നു രാമാനുജൻ ചെയ്ത നിശ്ചയം, ഇപ്പോൾ താണജാതിക്കാൎക്കു വാൎഷികോത്സവകാല ത്തിൽ മാത്രം അമ്പലത്തിൽ വരാമെന്ന നിലയിൽ ലോപിച്ചു ദുഷിച്ചി രിക്കുന്നു.

ജാതിഭേദത്തെയെന്നപോലെ, മതഭേദത്തേയും രാമാനുജൻ നിഷേധിച്ചിരിക്കുന്നു. ഹിന്ദുമുസ്ലിങ്ങളെ സംയോജിപ്പിക്കുന്നതിന്ന് അദ്ദേഹം വളരെയെല്ലാം പരിശ്രമിച്ചിട്ടുണ്ട്. അതിന്ന് അന്നത്തെ മുസ്ലിം ചക്രവൎത്തിയുടെ ആനുകൂല്യവും അദ്ദേഹത്തിന്നുണ്ടായി. തിരുനാരായണപുരത്തു് അദ്ദേഹം പ്രതിഷ്ഠിച്ചിട്ടുള്ള രാമപ്രിയവിഗ്രഹത്തിൻെറ അങ്കത്തിലായി തുലുക്കനാച്ചിയാരുടെ സ്വൎണ്ണപ്രതിമ കാണാം. ഒരു മുസ്ലിം രാജകുമാരിയാണു തുലുക്കനാച്ചിയാർ. അവൾ വൈഷ്ണവഭക്തയാകയാൽ അവളെയും ഈശ്വരതുല്യം അൎച്ചിക്കേണമെന്നു രാമാനുജൻ ഏൎപ്പാടുചെയ്തിരിക്കുന്നു.

ജനങ്ങൾ ഏതുവശത്തേക്കു തിരിയുന്നുവോ, രാജാവിന്നും അതിലേക്കുതന്നേ ചായേണ്ടിവരും. മനുഷ്യമനസ്സിന്നുള്ള സുഖസ്വാതന്ത്ര്യങ്ങളെ ജാതിയും മതവുംകൊണ്ടു കലുഷിതമാക്കുന്നതിനെ നിരോധിച്ചു, സൎവ്വജനത്തേയും സമഭാവത്തോടെ ആദരിക്കുന്നതായ രാമനുജസിദ്ധാന്തം തങ്ങളുടെ യോഗക്ഷേമത്തിന്നു് അനുരൂപമാണെന്നു കണ്ടു ജനങ്ങളെല്ലാം അതിലേക്കു പ്രവഹിക്കയാൽ രാജാക്കന്മാൎക്കും ആ വഴിക്കുതന്നേ ഒഴുകേണ്ടിവന്നു. അക്കൂട്ടത്തിൽ, മുമ്പു ജൈനനായിരുന്ന വിട്ടലദേവൻ രാമാനുജപ്രഭാവത്താൽ വൈഷ്ണവനായ വിഷ്ണുവൎദ്ധനനായി മാറി.

രാമാനുജൻ ശൈവക്ഷേത്രങ്ങൾ പലതും വൈഷ്ണവമാക്കി മാററിട്ടുണ്ട്. ക്ഷേത്രത്തിലേ വിഗ്രഹത്തേ ആരാധകന്മാരുടെ അഭീഷ്ടംപോലെ ഏതു ദേവനാക്കിയും മാററാമെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. വടക്കുന്നാഥനേയോ ഗുരുവായൂരപ്പനേയോ കാലാനുകൂലം ഗാന്ധിദേവനാക്കി മാററി ആളുകൾ ഭജിക്കയാണെങ്കിൽ രാമാനുജമതപ്രകാരം വിശിഷ്ടാചാരമാണ്. തിരുപ്പതി ക്ഷേത്രത്തിലെ വിഗ്രഹം ആദ്യം ബൌദ്ധമാണെന്നാണു തോന്നുന്നതു്. പിന്നീടു അതു ശൈവമായി. അക്കാലത്തു ചടകോപൻെറ ശിഷ്യപരമ്പരയിൽ ഉൾപ്പെട്ട ഒരു ഭക്തൻ ആ നാട്ടിൽ വൈഷ്ണവമതത്തെ പ്രചരിപ്പിക്കയാൽ അവിടെ ശൈവന്മാരും വൈഷ്ണവന്മാരും തമ്മിൽ കലഹമുണ്ടായിവന്നു. അവർ ആ മഹാക്ഷേത്രത്തേ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചു വലിച്ചുതുടങ്ങി. അപ്പോൾ രാമാനുജൻ ചെന്നു് ആ നാട്ടിൽ വൈഷ്ണവപ്രാബല്യത്തെ വൎദ്ധിപ്പിച്ചു് തിരുപ്പതി ക്ഷേത്രത്തിലെ വിഗ്രഹത്തെ വൈഷ്ണമായി രൂപാന്തരംവരുത്തി. ഭൂരിപക്ഷത്തിന്നു കീഴൊതുങ്ങുകയാണു രാജ്യശ്രേയസ്സെന്നതിൽ ദേവന്മാർ അജ്ഞന്മാരല്ലല്ലോ.

ക്ഷേത്രങ്ങളിലെ പൂജാക്രമത്തെ കാലോചിതം പരിഷ്കരിക്കുകയെന്നതാണു രാമാനുജൻ [illegible] ക്കൊണ്ടു മറെറാരു മഹോദ്യമം. ഭക്തനായ ഏതൊരാൾക്കും ഏതു ക്ഷേത്രത്തിലും ഒരേ നിലയിൽ പ്രവേശിച്ചു് ആരാ

ധിക്കാമെന്നാണ് അദ്ദേഹത്തിൻെറ വിധി. അത്തരത്തിലുള്ള പൂജാക്രമത്തെ ഓരോ ക്ഷേത്രത്തെക്കൊണ്ടും അംഗീകരിപ്പിക്കുന്നതിന്നു് അദ്ദേഹം ഭാരതവൎഷം മുഴുവൻ സഞ്ചരിച്ചു. അതിൽ തിരുവനന്തപുരത്തും ജഗന്നാഥത്തുംവെച്ചു മാത്രമാണ് അദ്ദേഹത്തിന്നു കഠിനമായ അനാദരം ഏല്ക്കേണ്ടിവന്നതു്. ജാതിമതഭേദംകൂടാതെ എല്ലാവരും സ്നേഹിച്ചു യോജിച്ചുകൊണ്ടു് ഈശ്വരനെ ആരാധിക്കുവിൻ എന്നു ഘോഷിച്ചുകൊണ്ടുവന്ന അദ്ദേഹത്തെ തിരുവനന്തപുരത്തെയും ജഗന്നാഥത്തേയും യാഥാസ്ഥിതികന്മാർ ക്രോധത്തോടെ നാടുകടത്തി. മററു പല നാടുകളിലും അദ്ദേഹത്തിന്നു് ഈ ഉദ്യമത്തിൽ വിജയംതന്നെയാണുണ്ടായതു്. എന്നാൽ, ഈ മൂഢമനുഷ്യരുടെ സ്വാൎത്ഥബുദ്ധി ആ വിജയത്തേ ഇക്കാലമാകുമ്പോഴേക്കും കെടുത്തുകളഞ്ഞു!

രാമാനുജ ചരിതത്തേ ശ്രദ്ധയോടേ പഠിക്കയാണെങ്കിൽ, എത്ര സൎവ്വോത്തമനായ പരിഷ്കൎത്താവായിരുന്നു അദ്ദേഹം എന്നു തെളിഞ്ഞു കാണാം. അദ്ദേഹം പുതിയോരു സമുദായത്തേ ഉണ്ടാക്കി. ജാതിമതഭേദങ്ങളാൽ ഭിന്നിച്ചു കലഹിച്ചിരുന്ന ജനങ്ങളേ ആ സമുദായത്തിൽ ഇണക്കിച്ചേൎത്തുനിൎത്തി. സേവനമാണ് ആ സമുദായത്തിൻേറ ധൎമ്മം. ഇന്നും ആ സമുദായം നിലനിന്നുവരുന്നുണ്ടെങ്കിലും, ദക്ഷിണഭാരതത്തിൽ പ്രതിഭാവിലാസംകൊണ്ടും കൎമ്മനൈപുണ്യംകൊണ്ടും ഉയൎന്നുനില്ക്കുന്ന അയ്യങ്കാരന്മാരാണ് ആ സമുദായത്തിലേ ശിരസ്സായി വൎത്തിക്കുന്നതെങ്കിലും അതും മററു സമുദായങ്ങളെപ്പോലെ പൂൎവ്വധൎമ്മത്തിൽനിന്നു ഭ്രംശിച്ചുപോയിരിക്കുന്നു. രാമാനുജാചാൎയ്യനേ ആദിശേഷൻെറ അവതാരമായിട്ടാണു ഹിന്തുക്കൾ പൂജിക്കുന്നതു്. അദ്ദേഹത്തിൻെറ നേട്ടങ്ങളെ സംപ്രീതിയോടേ അവർ അനുഭവിക്കുന്നതുമുണ്ടു്. എന്നാൽ, അദ്ദേഹത്തിൻേറ വാക്കുകളേയും കൎമ്മങ്ങളേയും അവർ നിശ്ശങ്കം നിഷേധിക്കുന്നു. ഇതു പുണ്യമോ പാപമോ എന്നു് ഈ മൂഢാത്മാക്കൾ വിവേചിച്ചു നോക്കുന്നില്ല. അഥവാ, ആചാൎയ്യനെന്നും പ്രസ്ഥാനകാരനെന്നും വിശ്രുതനായ ആ പരിഷ്കൎത്താവിൻെറ സുശോഭനമായ ചരിതത്തേ അൎത്ഥബോധത്തോടേ പാരായണം ചെയ്കയെങ്കിലും ആവരുതോ! അതുപോലും ചെയ്യാത്തവർ ഈ കൃതവിദ്യന്മാരിൽത്തന്നേ എത്രയെത്ര!

# ശവകുടീരത്തിൽ.

[ഉള്ളാട്ടിൽ ശങ്കരമേനോൻ ബി. എ.]

ക്രിസ്ത്വാബ്ദം 1739-ൽ ഹിമാലയത്തിന്റെ ദക്ഷിണഭാഗത്ത് ഒരു ഭയങ്കരാരവം ഉണ്ടായി. രണ്ടു നൂറ്റാണ്ടിലധികം തഴച്ചുനിന്ന മുകില സാമ്രാജ്യം കടപുഴങ്ങി വീഴുമ്പോളുണ്ടായ ഭയങ്കരമായ ആ ഇരമ്പല്! വിശ്വവിജയിയായ പേർഷ്യായിലെ "നാദിർഷാ കൂലി"യുടെ വിജയപതാക അന്നു ദില്ലിയിലെ രാജഗോപുരങ്ങളുടെ ഉപരി പാറുന്നുണ്ട്. തെരുവീഥികളിൽ പരാജിതരായ ഭാരതീയരുടെ ചോര നുരഞ്ഞ് ഒഴുകുന്നു. പേർഷ്യായിലെ വാൾത്തലകൾക്കു മീശയുള്ളതും, മൂടുപടമുള്ളതും, നുണക്കുഴികളുള്ളതുമായ മുഖങ്ങൾ തമ്മിൽ ഒരു വ്യത്യാസവും ഉണ്ടായില്ല. ഒന്നര ലക്ഷം ഉറയൂരിയ പേർഷ്യൻ വാളുകൾ ഒരുമാസക്കാലമായി ആ സാമ്രാജ്യനഗരിയിൽ 'കൊയ്ത്തു' നടത്തുകയാണ്.

ഉഷസ്സിന്റെ തുടുപ്പു മാച്ചുകൊണ്ട് അന്നും സൂര്യൻ ഗാംഭീര്യത്തോടെ ഉയർന്നുവന്നു. വിജയികളുടെ ചക്രവർത്തിയായ നാദിർഷാ പരാജിതരുടെ ചക്രവർത്തിയായ മുഹമ്മദ്ഷായുടെ കൊട്ടാരത്തിലേക്കുള്ള വരവാണ്! വരണ്ടു പററിക്കിടക്കുന്ന മണൽത്തിട്ടുകളെ ആക്രമിക്കുന്ന വിജൃംഭിതസാഗരത്തിന്റെ വിജയഗർവ്വോടും നശീകരണപ്രബുദ്ധതയോടുംകൂടിയ ആ സാർവ്വഭൌമന്റെ കുതറിക്കൊണ്ടുള്ള വരവു കണ്ടപ്പോൾ—ഒരു നൂറു ഭാരതചക്രവർത്തികളെ പെററു വളർത്തിയിട്ടുള്ള ദില്ലിയിലെ കൊട്ടാരങ്ങൾ കിടുകിടെ വിറച്ചുപോയി. ബാബറിന്റേയും അക്ബറിന്റേയും അനന്തിരവൻ അന്നു കൊട്ടാരത്തിലെ ഒരു പഴയ മുറിയിൽ ചുളുങ്ങിയിരിക്കുകയായിരുന്നു.

"സലാം, ഹിന്ദുസ്ഥാനപാദുഷാ!" എന്നു പറഞ്ഞുകൊണ്ടു നാദിർഷാ അവിടേക്കു കടന്നുചെന്ന് അദ്ദേഹത്തിന്റെ ഹസ്തങ്ങളെ ഗ്രഹിച്ചു. "അങ്ങെന്താണു സുന്ദരികളായ രജപുത്രനവോഢകളെപ്പോലെ ഇത്ര നാണം കുണുങ്ങുന്നത്? വരൂ, നമുക്കു നിങ്ങളുടെ ആസ്ഥാനമണ്ഡപത്തിലേക്കു പോകുക. നിങ്ങളുടെ പൊന്നും രത്നവും പതിച്ച 'മയൂരസിംഹാസന'ത്തിന്മേൽ ചാരിയിരിക്കുമ്പോൾ പേർഷ്യായിലെ വീഞ്ഞു കുടിക്കുന്നപോലെ."

ആസ്ഥാനമണ്ഡപത്തിൽ താൻ മയൂരസിംഹാസനത്തിൽ ഇരുന്ന്, മുഹമ്മദ്ഷാവിനെ മറെറാരു ആസനത്തിൽ ഇരുത്തിയതിനു ശേഷം നാദിർഷാ കുശലം ചോദിച്ചു.

"അല്ലാവിന്റെ അനുഗ്രഹംകൊണ്ടു് അങ്ങേയ്ക്കു ക്ഷേമംതന്നെ യല്ലെ ?"

"അങ്ങയുടെ അനുഗ്രഹംകൊണ്ടു് — അതെ, ജഹാംപനാഹ്!" മഹമ്മദ്ഷാ തല ഉയർത്താതെ പറഞ്ഞു.

നാദിർഷാ അയാളുടെ ആ കനത്ത മീശ ഒന്നു പിരിച്ചുകൊണ്ടു്, ചോരനിറത്തിലുള്ള ആ വലത്തെക്കണ്ണിന്റെ അററം ഒരു പ്രത്യേകതരത്തിൽ ചുളുക്കിക്കൊണ്ടു ചോദിച്ചു:

"അപ്പോഠം മഹമ്മദ് ! നിങ്ങളുടെ പ്രപിതാമഹനായ ഒരു അൿബർഷാ നമ്മുടെ കാണ്ഡഹാർ വെട്ടിപ്പിടിച്ച പടവാളുതന്നെയൊ നിങ്ങളുടെ വാളുറയിൽ ? ആ വീരന്റെ കൈപ്പിടിപ്പാടുള്ള പള്ളിവാളു നാം ഒന്നു കാണട്ടെ."

മുഹമ്മദ്ഷാ വിറയ്ക്കുന്ന കൈകളെക്കൊണ്ടു തനിക്കു പരമ്പരാഗതമായ ഉടവാളു് വിജയിയുടെ കാൽക്കൽ അടിയറവെച്ചു.

"അഫ്സൽ!" പേർഷൻഷായുടെ ഗജ്ജനമാത്രയിൽ ഒരു പേർഷ്യൻ പടയാളി വന്നു സലാം ചെയ്തു.

"അഫ്സൽ! അന്നു പേർഷ്യാക്കാരുടെ രക്തം പുരണ്ട ഈ വാളിന്നു് ഇന്നും മൂച്ചയുണ്ടോ എന്നു നോക്കു്!"

യജമാനന്റെ ഇംഗിതം മനസ്സിലാക്കിയ ഭീമകായനായ ആ പടയാളി അവിടെ അപ്പോഠം നിന്നിരുന്ന മുഹമ്മദ്ഷാവിന്റെ രണ്ടു മരുമക്കളുടെ കഴുത്തിൽ അതിന്റെ മൂച്ച പരിക്ഷിച്ചു സംതൃപ്തനായി.

മഹമ്മദ്ഷാ മരവിച്ചുനിന്നുപോയി.

നാദിർഷാ തന്റെ മീശ പിരിച്ചു്, വലിയ സന്തുഷ്ടിയോടുകൂടി പറഞ്ഞു: "മഹമ്മദ്! ഈ മുകിലചക്രവത്തികഠം വലിയ ഗർവ്വിഷ്ഠരെന്നായിരുന്നു നമ്മുടെ ധാരണ. അതുകൊണ്ടാണു നാം അല്പം മുഷിഞ്ഞിരുന്നതു്. അങ്ങയെപ്പോലെ ഇത്ര ശാന്തഗംഭീരനായ ഒരു പാദുഷാ പേർഷ്യൻഷാവിന്റെ സ്നേഹത്തേയും സാഹോദര്യത്തേയും അർഹിക്കുന്നു."

"പ്രബലനായ പേർഷ്യൻഷാവിന്റെ ദയവു" — മുകിലചക്രവത്തി വീണ്ടും തലകുനിച്ചു പറഞ്ഞു.

"അപ്പോഠം മഹമ്മദ്! നിങ്ങളുടെ കുലീനമായ ഹിന്ദുസ്ഥാനത്തു സഹോദരൻ സഹോദരനെ ദശിക്കുമ്പോഠം പരസ്പരം ഉഷ്ണീഷം മാറുന്ന ഒരു സമ്പ്രദായമുള്ളതായി, നിങ്ങളുടെ ഫൈസിയുടെ മനോഹരമായ കവിതകളിൽ എവിടെയൊ വായിച്ചതായി നമുക്കു് ഒരു ഓമ്മ. നമ്മുടെ ഓമ്മ ശരിതന്നെയാണല്ലൊ."

മഹമ്മദ്ഷാ അതെയെന്നു തല കുനിച്ചു.

"റോമിൽച്ചെന്നാൽ റോമക്കാരനാവണം എന്നു ഫറംകികളുടെ ഇടയിൽ ഒരു ചൊല്ലുണ്ട്. അവർ ബുദ്ധിമാന്മാരാണ്, ഈ ഫറംകികൾ. ഹിന്ദുസ്ഥാനത്തു വന്നാൽ നാമും ഹിന്ദുസ്ഥാനി. ഇതാ ഹിന്ദുസ്ഥാനത്തിലെ നമ്മുടെ രാജകീയസഹോദരനു നാം നമ്മുടെ കിരീടത്തെ സമർപ്പിക്കുന്നു."

നാദിർ തന്റെ പട്ടുകിരീടം മുഹമ്മദ്ഷാവിന്റെ മടിയിൽ വെച്ചുകൊടുത്തു. മുഹമ്മദ്ഷാ തന്റെ കിരീടം പകരം കൊടുക്കാതെ എന്തു ചെയ്യും! കൊടുക്കുകതന്നെ ചെയ്തു. ആ കിരീടത്തോടുകൂടി കോഹിനൂർ എന്ന അമൂല്യരത്നവും ഭാരതവർഷത്തിൽനിന്നും പൊയ്പ്പോയി—കുറച്ചു കൊല്ലങ്ങൾക്കുമുമ്പു പേർഷ്യൻ സാമ്രാജ്യം അപ്പടി പണയം കൊടുത്താൽ ഒന്നു കാണുവാൻകൂടി കിട്ടുമായിരുന്നില്ലാത്ത ഒരു രത്നം!

"മഹമ്മദ്! ഈ പളപള മിന്നുന്ന രത്നത്തെപ്പററി നാം കേട്ടിട്ടുണ്ട്. ഇതല്ലെ കോഹിനൂർ!"

ഭാരതചക്രവർത്തി തലകുനിച്ചു. "നാം വളരെ വളരെ പ്രീതനായിരിക്കുന്നു. എന്നാൽ മുഹമ്മദ് ഇന്നത്തെ ഹിന്ദുസ്ഥാനചക്രവർത്തിയുടെ കൊട്ടാരത്തിൽ കോഹിനൂറിനെക്കാൾ മിന്നിത്തിളങ്ങുന്ന ഒരു രത്നമുണ്ടെന്നു നാം കേൾക്കുന്നു."

മഹമ്മദുഷാവിന്നു മനസ്സിലായില്ല. "സലീമാബീബി സർവ്വോൽക്കർഷേണതന്നെ വർത്തിക്കുന്നില്ലെ? അവൾ പനിർപ്പൂക്കളുടെ ഇതളുകൾ കൊണ്ടു് ഉണ്ടാക്കപ്പെട്ടവളെന്നാണല്ലൊ പ്രസിദ്ധി."

"ബഹദ്ദൂർ!"— മഹമ്മദുഷാ ദയനീയമാംവിധം നോക്കി.

നാദിർഷാ അതു കാണാത്ത ഭാവത്തിൽ തുടന്നു:

"നമ്മുടെ പേർഷ്യായിലെ പനിർപ്പൂക്കൾ ലോകപ്രസിദ്ധങ്ങളാണ്. അവ തിന്നുപാടുന്ന കുയിലുകളുടെ പാട്ടുകൾ നമ്മുടെ ഓമന ലല്ലബിയുടെ പാട്ടുകൾപോലെ ശ്രവണമധുരവുമാണ്. എന്നാൽ ഇത്തരം മനോഹരമായ ഒരു പനിർപ്പൂ ഞങ്ങളുടെ തോട്ടങ്ങളിലല്ലാതെ, അന്തഃപുരങ്ങളിൽ കാണപ്പെടുന്നില്ല മഹമ്മദ്!"

അവസാനം മുഹമ്മദുഷാ തല ഉയർത്തുകതന്നെ ചെയ്തു.

"ബഹദ്ദൂർ! ഞങ്ങൾക്കു തൃപ്തിയായില്ലെ? എന്റെ കിരീടം, സിംഹാസനം, മാനം, പ്രജകളുടെ ജീവൻ—ഇനിയും തൃപ്തിയായില്ലെ; ഇനി എനിക്കു ശേഷിച്ചിട്ടുള്ളതു സാധുവായ ഒരു മകൾ മാത്രമാണ്. അവളേയും അങ്ങയ്ക്കു വേണമെന്നോ? ശപിക്കപ്പെട്ട എന്നെ കൊന്നതിനു ശേഷമായിക്കൊള്ളു അതു്."

നിരാശയുടെ ഒരു തുളുമ്പിച്ചയായിരുന്നു അതു്.

"ഛരി, ഛരി, ഛാൽമുഴവൻ കറന്നെടുക്കുന്നതിനുമുമ്പു പശുവിനെ കൊല്ലുന്നതു വിഡ്ഢിത്തം. മുഹമ്മദ്, അതു മുകിലക്കു ചേർന്ന വിഡ്ഢിത്തം. നിങ്ങൾക്കു ഉറക്കം വരുന്നു. ആരെടാ—അഫ്സൽ! ഹിന്ദുസ്ഥാനചക്രവർത്തി സുഖമായി പള്ളിക്കുറപ്പു കൊള്ളാൻ ഒരുക്ക്. നോക്ക്, ഒരു കൊതുകുകൂടി അദ്ദേഹത്തിൻെറ മുറിയിൽ കടന്നുചെന്നു ബുദ്ധിമുട്ടിക്കരുതു്, ഉജാർ."

കുറെ കട്ടുറമ്പുകൾ ഒരു പുഴുവിനെ വലിച്ചിഴച്ചുകൊണ്ടു പോയി.

* * * * *

മോട്ടിമഹാൾ കൊട്ടാരത്തിൻെറ പശ്ചിമഭാഗത്തുള്ള ആ വിശചമോഹനമായ ആരാമത്തിനെ സാരി ഉടുപ്പിച്ചുകൊണ്ടു യമുനാനദി ഒഴുകുന്ന ഭാഗത്തു വെണ്ണക്കല്ലുകൊണ്ടു പടുത്ത ആ ശവകുടീരത്തിൻെറ മുമ്പിൽ അവൾ മുട്ടുകുത്തി നിൽക്കുന്നു. അവളുടെ കവിളത്തുനിന്നും ഉതിർന്നുവീണപോലെ, കുറെ പനിർപ്പൂക്കൾ താഴത്തുകിടന്നിരുന്നു. കൂമ്പിയ കണ്ണുകളോടും, ചാഞ്ഞ മുട്ടുകളോടും, മൊട്ടിട്ട കയ്യുകളോടും കൂടി വർത്തിച്ചിരുന്ന സലീമ അവളുടെ മാതാവിൻെറ ശവകുടീരത്തിലാണ് വന്നിരിക്കുന്നതു്. അവിടെ ഗംഗ മൂകയായി ഒഴുകി; അവിടെ കാററ വിരലിന്മേൽ നടന്നു. അപ്പോഴാണ് ജൈത്രവേഷനായ പേഷ്യൻഷാ അവിടെ പ്രവേശിച്ചതു്. ഊർന്നുവീണ ഒരു ചന്ദ്രകിരണംപോലെ മധുരാംഗിയായ അവളുടെ ദശനമാത്രയിൽ പേഷ്യൻഷാക്കു കോരിത്തരിപ്പുണ്ടായി. അദ്ദേഹം പതുക്കെപ്പതുക്കെ അവളെ സമീപിച്ചു. കാലടിശബ്ദംകേട്ട് അവളുടെ കണ്ണുകൾ വിടർന്നു.

"എൻെറ അല്ലാഹ്! നമ്മുടെ സാമ്രാജ്യത്തെക്കാൾ നീണ്ട കണ്ണുകൾ!" ഷായുടെ അത്ഭുതം, എത്രതന്നെ അടക്കിപ്പിടിച്ചിട്ടും ചുണ്ടുകളിന്മേൽ പതുക്കെ ഒന്നു പതറാതിരുന്നില്ല.

"സലാം ഷാഹജാദി!" അദ്ദേഹം അത്യാദരത്തോടുകൂടി അവളെ സംബോധന ചെയ്തു.

മുഖത്തു പാറിക്കളിക്കുന്ന നീലാളകശ്രേണികളെ പിന്നാക്കം മാടി അവൾ എഴുന്നേററതിനു—ചണ്ടികൾ മാററി പെട്ടെന്നു വിടർന്നു പൊങ്ങിയ ഒരു ചെന്താമരപ്പൂപോലെ! അവൾ അദ്ദേഹത്തിൻെറ വേഷത്തെ മൂകമായി, ഒരു മനസ്സിലാവാത്ത രീതിയിൽ, നോക്കിനില്ക്കുന്നതുകണ്ടു നാദിർഷാ ചോദിച്ചു:

"ഷാഹജാദി! ഈ പേഷ്യൻ പട്ടാളക്കാർ നാടൊക്കെ നായാടുമ്പോൾ നിങ്ങൾ തനിയെ ഇവിടെ എന്തു ചെയ്യുന്നു?"

"ഞാൻ പ്രാത്ഥിക്കുകയാണ്"—ആ സ്വരം തേന്തൂവുന്നതായിരുന്നു.

"പ്രാൎത്ഥിക്കുകയൊ, ഇങ്ങിനെ തന്നെത്താനെ!" ഷാ ഒരു പുഛരസത്തോടുകൂടി ചോദിച്ചു.

"മുഷ്കരന്മാരായ ഈ പേർഷ്യൻ പട്ടാളക്കാരെ നിങ്ങൾക്കു തെല്ലും പേടിയില്ലെ?"

"എന്തിനു പേടിക്കണം?" അവൾ അത്ഭുതപ്പെട്ടു. "ഞാൻ അവൎക്ക് ഒരു ഉപദ്രവവും ചെയ്യിട്ടില്ലല്ലൊ അതിന്!"

ഉപദ്രവിക്കണംപോലും, ഉപദ്രവിക്കപ്പെട്ടവാൻ! നിഷ്കളങ്കതയുടെ ഈ മൂലതത്വം കേട്ടപ്പോൾ നാദിർഷാക്കു് ഒന്നു കിക്കിളിയായി.

"എന്നാലും അവർ നിങ്ങളെ പിടിച്ചുകൊണ്ടുപോയാലൊ?"

"എന്നെ ആരും ഉപദ്രവിക്കുകയില്ല."

"എന്തുകൊണ്ടാണു ഷാഹജാദി? പേഷ്യൻഷാക്കു സംഭാഷണം വളരെ രസകരമായിത്തോന്നി.

"ഞാൻ എന്റെ അമ്മയുടെ ശവകുടീരത്തിൽ വന്നു പ്രാൎത്ഥിക്കുകയാണ്. അപ്പോൾ എന്നെ ആരും ഉപദ്രവിക്കുകയില്ല".

എന്തു വിഡ്ഢിത്തം! ആയിരിക്കാം. എന്നാൽ അത്രയും ദൃഢവിശ്വാസവും, അത്രയും നിഷ്കന്മഷതയും, അത്ര കോമനകളായ അധരങ്ങളിൽനിന്നു് ഉതിൎന്നുവീണപ്പോൾ, നാളതുവരെ തന്റെ വാളിനെമാത്രം വിശ്വസിച്ചിട്ടുള്ള നാദിർഷാക്കു്, അതിൽ അല്പം വിശ്വാസ്യത തോന്നി. അദ്ദേഹം ചോദിച്ചു.

"നിങ്ങൾ എന്താണു പ്രാൎത്ഥിക്കുന്നതു്?"

"എന്തൊ? എനിക്കു നിശ്ചയമില്ല. എനിക്കു് എപ്പോഴൊക്കെ മനസ്സിനു് അല്പം സുഖമില്ലായ തോന്നുന്നുവോ, അപ്പോഴൊക്കയും ഞാൻ ഇവിടെവന്നു പൂവിട്ടു്, അമ്മയെ വിചാരിക്കാറുണ്ടു്."

"അപ്പോഴൊക്കെ നിങ്ങളുടെ സങ്കടങ്ങൾ തീരാറുമുണ്ടോ?"

"അമ്മയുടെ സാന്ത്വനംപോലെ ഒരു ചെറുകാററ് ഈ ശവകുടീരത്തിൽനിന്നും പുറപ്പെട്ടു്, ഞാൻ അൎപ്പിച്ച പൂക്കളുടെ സൌരഭ്യവും പൂശിക്കൊണ്ടു് എന്നെ തഴുകുമ്പോൾ, എന്റെ കുറുനിരകൾ വാത്സല്യപൂൎവ്വം തലോടുമ്പോൾ, എന്റെ ഹൃദയത്തെ സ്നേഹാർദ്രതയോടെ തണുപ്പിക്കുമ്പോൾ—പിന്നെ എനിക്കു് എന്തൊരു സങ്കടമാണു ജമേദാർ! സലിമ "അമ്മയുടെ മകളല്ലെ!"

ശാന്തനിൎമ്മലമായ അവളുടെ കണ്ണിൽ ഉഷസ്സാരംപോലെ ഒരു കണ്ണീർക്കണം പൊടിഞ്ഞു. പേർഷ്യൻഷാ കുറച്ചുനേരം നിസ്സംജ്ഞനായി നിന്നുപോയി. ഒടുവിൽ അവൾ പോവാനായി അനങ്ങിയപ്പോൾ, ഒരു വിദ്യാൎത്ഥി താൻ ഉരുവിട്ട മനഃപാഠം ആക്കിയതു ഛർദ്ദിക്കു

ന്ന രീതിയിൽ, ഒരു ജീവൻ, ആത്മവിശ്വാസം, ഇല്ലാത്ത രീതിയിൽ പേഷ്യൻഷാ പറഞ്ഞു.

"ഷാഹജാദി! നിങ്ങളെ പേഷ്യൻഷാ കൊണ്ടുപോവുമെന്നു പരക്കേ ഒരു വത്തമാനമുണ്ട്."

കൈതപ്പൂപ്പൊളിയിൽ വണ്ടിൻെറ കൊമ്പുകൊണ്ടു കീറിയ പോലെ അവളുടെ വാർനെററിയിൽ ഒരു ചെറിയ ചുളിവു വീണു.

"എന്നെയോ?"

"അതേ."

"അമ്മ ഇട്ടുവിച്ചുതന്നിരിക്കുന്ന വിലകുറഞ്ഞ ഈ മുത്തുമാലയല്ലാതെ ഒരു ആഭരണംകൂടി ഇല്ല എനിക്ക്. എന്നെ എന്തിനാണ് അദ്ദേഹത്തിന്?"

തിമൂറിനെക്കഴിഞ്ഞാൽ ഏഷ്യായിലെ ഏററവും വമ്പിച്ച നിർദ്ദയനെന്നു കുപ്രസിദ്ധനായ നാദിർഷാ കുലി ഈ സുന്ദരിയായ രാജകുമാരിയുടെ ബാലിശമായ ചോദ്യം കേട്ടപ്പോൾ പൊട്ടിച്ചിരിച്ചു.

"നിങ്ങൾക്കു പേഷ്യായിലെ മണംവീശുന്ന പനീർത്തോട്ടങ്ങളേയും, പാടുന്ന പഞ്ചവണ്ണക്കിളികളേയും കാട്ടിത്തരുവാനായിരിക്കാം" അദ്ദേഹം ചിരിച്ചുകൊണ്ടു പറഞ്ഞു.

"ആ പനീർപ്പൂക്കൾ നല്ല സുന്ദരികളാണോ ജമേദാർ?"

ഒരു യുവതിയുടെ ആശങ്ക് ഉണ്ടാവാറുള്ള സവ്വ ആവേശവും ആ ചോദ്യത്തിൽ ഉണ്ടായിരുന്നു.

"നല്ലവയാണെന്നോ? ഷാഹജാദിയുടെ കവിൾത്തടങ്ങൾപോലുള്ള അത്തരം പനീർപ്പൂക്കൾ മറെറവിടെയാണുള്ളതു്?"

അവളുടെ മുഖത്തേയ്ക്കു കാമുകൻെറ ചുട്ട ഒരു കടാക്ഷമുണ്ടായി. ഗംഗയിൽ എറിയപ്പെട്ട പന്തംപോലെ അവളെ സ്പശിക്കാതെ അതു കെട്ടുപോയതേയുള്ളു. പൂക്കൾ നല്ലവയാണെന്നു മാത്രമേ അവൾ മനസ്സിലാക്കിയുള്ളു.

"ഹാ! ഈ ഉണങ്ങിക്കരിഞ്ഞ രജിബ്മാസത്തിൽ അങ്ങിനത്തെ കുറെ പൂക്കൾ കിട്ടിയാൽ! അമ്മയുടെ ഈ വസതി എത്ര ഭംഗിയാക്കാമായിരുന്നു എന്നാൽ!"

"പോത്രു, ഷാഹജാദി"—നാദിർഷാ തന്നെത്തന്നെ മറന്നു പോയി. വീണ്ടും സ്ഥിരചിത്തനായി, അദ്ദേഹം തിരുത്തിപ്പറഞ്ഞു— "അദ്ദേഹം നിങ്ങളെ പേഷ്യായിലേക്കു കൊണ്ടുപോവും."

"അദ്ദേഹത്തെ അള്ളാ രക്ഷിക്കട്ടെ!" അവൾ ആത്മാത്ഥതയോടെ പറഞ്ഞു. "എന്നാൽ എനിക്ക് എൻെറ അമ്മയുടെ ശവകുടീരം വിട്ടു പോവാൻ വയ്യ"

അവളുടെ ആ ഉറപ്പിക്കലിൽ ആത്മാവിൻെറ മുദ്ര പതിഞ്ഞിരുന്നു.

"അദ്ദേഹം ഷാഹജാദിയെ ബലംപ്രയോഗിച്ചു കൊണ്ടുപോയാലോ?"

സലീമ അദ്ദേഹത്തിൻെറ മുഖത്തേക്ക് ഒന്നു് ഉററുനോക്കി. "അദ്ദേഹം അതും ചെയ്യുമോ ജമേദാർ?"

മാൻകുട്ടിയുടെ കണ്ണിമപോലെ അല്പാല്പം വിറച്ചിരുന്ന ആ പെൺകുട്ടിയുടെ ആലോലസ്വരത്തിൻെറ മുമ്പിൽ—ധൈര്യമുണ്ടെങ്കിൽ വിശ്വസിച്ചുകൊള്ളൂ—എഷ്യാഭൂഖണ്ഡം വെട്ടിപ്പിടിച്ചവൻെറ ശിരസ്സ് ഒന്നു താഴുകതന്നെ ചെയ്തു. പക്ഷെ തൻെറ ഏതുവിധമുള്ള ആശകളും എങ്ങിനേയും സാധിപ്പിച്ചു മാത്രം പരിചയമുള്ള ഒരു പിശാചായിരുന്നു, നാദിഷാ. ഒടുവിൽ, അതു താനല്ല പറയുന്നതെന്ന നാട്യത്തിൽ, പറഞ്ഞു "ആവോ, തിട്ടയാക്കിക്കൂടാ."

അവൾ കുറച്ചുനേരം ആലോചിച്ചു നിന്നു. അവളുടെ നീണ്ട കണ്ണുകൾ അന്തരിക്ഷത്തിൽ വളരെ ദൂരെ ഏതോ അനുഗൃഹീതമായ ഒരു വസ്തുവിനെ ലക്ഷ്യം വെച്ചു് നോക്കുന്നപോലെ ഉറപ്പിച്ചു നിർത്തിക്കൊണ്ടു ചോദിച്ചു.

"നിങ്ങൾക്ക് അറിയാമോ ജമേദാർ, ഈ നാദിർഷാക്കു ഒരു പുത്രിയുണ്ടോ?"

തീരെ അപ്രതീക്ഷവും, അസന്ദർഭോചിതവുമായ ചോദ്യം കേട്ടപ്പോൾ പേഷ്യൻഷാ ആദ്യം ഒന്നു പകച്ചുനോക്കുകയാണ് ചെയ്തതു്. എന്നാൽ തൻെറ വാളിനോളംതന്നെ താൻ സ്നേഹിക്കുന്ന ഒരു വസ്തുവിനെപ്പററിയുള്ള ഈ അന്വേഷണം സലീമയെ അദ്ദേഹത്തിൻെറ കണ്ണുകളിൽ പ്രിയതരയാക്കിത്തീർത്തു.

"ഉവ്വ്, ഷാഹജാദി! ലല്ലബി ചുരുണ്ട അളകങ്ങളുള്ള ഏഴുവയസ്സു പ്രായമുള്ള ഒരു സുന്ദരിക്കുട്ടിയാണ്!"

അവൾ ദൂരത്തേക്കുള്ള ആ നോട്ടം നോക്കിക്കൊണ്ടുതന്നെ ചോദിച്ചു. "അവൾ ഇപ്പോൾ എവിടെയായിരിക്കുനുമെന്നു ജമേദാർക്കു് അറിയാമോ?"

"അവൾ ടെഹറാനിലെ രാജകൊട്ടാരങ്ങളിൽ ഒന്നിൽ ആയിരിക്കാം—എനിക്കു നിശ്ചയമില്ല!"

"അവൾ ഇപ്പോൾ എന്തു ചെയ്യുന്നുണ്ടാവുമെന്നു നിങ്ങൾ വിചാരിക്കുന്നു?"

ഈ പെൺകുട്ടിയുടെ ഈ ചോദ്യങ്ങൾ പ്രകൃതം വിട്ടതാണെന്നു

മനസ്സിലായിട്ടും സവിശേഷമായ ഒരു ഉത്സാഹത്തോടുകൂടി നാദിർഷാ മറുപടി പറഞ്ഞു.

"അങ്ങ് അവളുടെ അച്ഛൻെറ ഉന്നതമായ കൊട്ടാരത്തിൽ, കനകംകൊണ്ടുള്ള കട്ടിലിന്മേൽ, പനിർപ്പൂക്കളും ഒട്ടകപ്പക്ഷിയുടെ തൂവലും വിരിച്ച പട്ടുമെത്തമേൽ, അവളുടെ അളകങ്ങളിൽ — അച്ഛൻെറ വെമ്പുന്ന കൈവിരലുകൾപോലെ — ചന്ദ്രകിരണങ്ങൾ വാത്സല്യപൂർവ്വം തിരുപ്പിടിക്കുമ്പോൾ, തളന്ന കുഞ്ഞിക്കൈകളെക്കൊണ്ട് അവളുടെ സിതാറിനെ പിടിച്ചുപൂട്ടി ഓമന കിടന്നുറങ്ങുന്നുണ്ടാവും."

ചരിത്രം അറിയുന്ന കൊടുംക്രൂരന്മാരിൽ ഏററവും ഭാവനാശക്തി കുറഞ്ഞവനായിരുന്നു നാദിർഷാ. എന്നാൽ വേർപിരിഞ്ഞിരിക്കുന്ന, അമ്മയില്ലാത്ത, ഒരു വത്സയുടെ അച്ഛൻ കൂടിയായിരുന്നു.

"അങ്ങിനെയായിരിക്കയില്ല ജമേദാർ" — സലീമ ഒരു തീവ്രസ്വരത്തിൽ പറഞ്ഞു.

"പിന്നെ?" — അവളുടെ തേനൊലിവാക്കുകൾ കേൾക്കുവാനുള്ള കൌതുകത്തേക്കാൾ വിരഹവിധുരനായ ഒരു പിതാവിൻെറ ഉൽക്കണ്ഠയായിരുന്നു അതിൽ ധ്വനിച്ചിരുന്നതു്.

ഉറപ്പിച്ചു നിർത്തിയ ആ ദൃഷ്ടിയോടുകൂടി, സലീമ നിർത്തി നിർത്തി പറഞ്ഞു.

"മേഘങ്ങളുടെ ഉള്ളിൽക്കൂടി ചന്ദ്രൻ മങ്ങി മങ്ങിക്കത്തുന്ന ഈ അർദ്ധരാത്രിയിൽ, അവളുടെ സിതാർ തുരുമ്പുപിടിച്ചു കിടക്കുമ്പോൾ, കുരുന്നിരകൾ ജടപിടിപ്പിച്ചുകൊണ്ട്, ടെഹറാനിലെ ഉന്നതമായ ഒരു ജന്നൽപ്പടിയിൽ, മലകൾക്കും മരുഭൂമികൾക്കും അപ്പുറത്തുള്ള അവളുടെ അച്ഛൻെറ വരവും നോക്കിക്കൊണ്ട് അവൾ ഇപ്പോൾ ഇരിക്കുകയായിരിക്കും."

"അതെയൊ ഷാഹജാദി?" — നാദിർഷാ സോദ്വേഗം ചോദിച്ചു. പക്ഷെ സലീമ ആ ചോദ്യം കേട്ടതുതന്നെയില്ല. "ജമേദാർ! എനിക്ക് അവളെ ഒരിക്കലെങ്കിലും കണ്ടാൽക്കൊള്ളാമെന്നുണ്ട്."

"എന്തിനാണു സലീമ?"

"അവളുടെ അച്ഛനു മാപ്പുകൊടുക്കണമെന്നു പറയുവാൻ. നിരപരാധികളായ നിരവധി സാധുക്കളെ വെറും രസത്തിനായി കൊല്ലുന്നവനും, അശരണരായ പെൺകുട്ടികളെ അവരുടെ അമ്മമാരുടെ ശവകുടീരങ്ങളിൽ നിന്നും നിർദ്ദയം പിടിച്ചുകൊണ്ടുപോവുന്നവനുമായ അവളുടെ അച്ഛനെ വെറുക്കരുതു് എന്നു എനിക്ക് അവളോടു പറയണം. ഭാഗ്യഹീനയായ എനിക്കൊ എൻെറ പാവപ്പെട്ട അമ്മയുടെ ശവകുടീരത്തിൽ ദിവസവും പൂവച്ചിക്കാൻ സാധിക്കാതെവന്നു. അവളെങ്കിലും

അവളുടെ അച്ഛന്റെ — അയാൾ എത്രതന്നെ ദുഷ്ടനായാലും — അച്ഛന്റെ ശവകുടീരത്തിൽ നിത്യവും പൂവച്ചിക്കണം, അദ്ദേഹത്തിനു മാപ്പുകൊടുക്കണം എന്നു അവളോടു ഒന്നു അപേക്ഷിച്ചാൽ കൊള്ളാമെന്നു എനിക്കു മോഹമുണ്ട്."

നാദിഷാ അടിമുടി വിയർത്തുപോയി. അദ്ദേഹത്തിനു ശ്വാസം മുട്ടി. തന്റെ പുറംകുപ്പായം അദ്ദേഹം ചീന്തിയെറിഞ്ഞു. അവൾ മനസ്സിലാവാതെ നോക്കിനില്ക്കുമ്പോൾ അവളുടെ കൈ മുറുക്കിപ്പിടിച്ചുകൊണ്ട്, അവളുടെ കണ്ണുകളിലേക്കു തുറിച്ചുനോക്കിക്കൊണ്ട്, അദ്ദേഹം വെമ്പലോടെ ചോദിച്ചു.

"അവൾ എനിക്കു മാപ്പുതരുമോ?"

"നിങ്ങൾക്കോ? അപ്പോൾ —"

നാദിർഷാ കടന്നു ചോദിച്ചു. "ഉവ്വോ, ഷാഹജാദി? പറയൂ, ലല്ലബി എനിക്കു മാപ്പുതരുമോ?"

"ഉവ്വ്."

അദ്ദേഹം അവളുടെ കൈവിട്ടു തീക്കുണ്ഡത്തിൽനിന്നു വെണ്ണപ്പാത്തിയിലേക്കു എടുത്തിട്ടപ്പോഴത്തെ ഒരു ആശ്വാസത്തോടുകൂടി ഒരു ദീർഘശ്വാസംവിട്ടു. പക്ഷെ അദ്ദേഹത്തിന്റെ ശിരസ്സു മാറത്തേക്കുതന്നെ വീണ്ടും ചാഞ്ഞു. കുറച്ചുകഴിഞ്ഞു, ആ ചോരനിറത്തിലുള്ള കണ്ണിൽ ഒരു ജലകണം സങ്കോചത്തോടുകൂടി, വിറച്ചുകൊണ്ടു, നില്ക്കുമ്പോൾ നാദിഷാ തന്റെ ശിരസ്സ് അല്പമൊന്നു ഉയർത്തിക്കൊണ്ടു, ചോദിച്ചു.

"ഷാഹജാദി! നിങ്ങളും എനിക്കു മാപ്പുതരുമോ?" — ആശ, അപേക്ഷ, ഉൽക്കണ്ഠ, തിക്കിത്തിരക്കിയിരുന്നു ഈ ചോദ്യത്തിൽ.

"തീച്ചയായിട്ടും." എന്നിട്ട്, അവൾ ഒരു അത്ഭുതത്തോടുകൂടി ചോദിച്ചു. "നിങ്ങളുടെ അത്രയും വിസ്തൃതമായ സാമ്രാജ്യത്തിൽ മാപ്പുകൊടുക്കാത്ത ഒരു മനുഷ്യനുണ്ടോ നാദിർഷാ?"

"അള്ള ഭവതിയെ അനുഗ്രഹിക്കട്ടെ"

പിറേറന്നു പ്രഭാതത്തിൽ നാദിഷായും പരിവാരങ്ങളും പെട്ടെന്നു ദല്ലിവിട്ടുപോവുന്നതു ഹിന്ദുസ്ഥാനം മുഴുവനും അത്ഭുതത്തോടും സമാധാനത്തോടും കൂടി നോക്കിക്കണ്ടു.

* * * * * *

ഓരോ കൊല്ലവും രജിബ്മാസം ഒന്നാംതിയ്യതി, ദല്ലിയിലെ രാജഗോപുരത്തിൽക്കൂടി ഒരു ഒട്ടകപ്പുറം നിറച്ചു പരിമളപൂർണ്ണങ്ങളായ പനിനീർപ്പൂക്കൾ വന്നു ചേരാറുണ്ട്. മഞ്ഞുതുള്ളി മാഞ്ഞിട്ടുകൂടിയില്ലാത്ത അത്തരം മനോഹരങ്ങളായ പൂക്കൾ കണ്ടിട്ടു ജനങ്ങൾ പരസ്പരം ചോദിച്ചു:—

"സ്വർഗ്ഗത്തിൽ നിന്നോ പേഷ്യയിൽനിന്നോ — ?"

# സ്ത്രീസാഹിത്യം.

[എം. എസ്. ദേവദാസ്]

മഹത്തായ പ്രതിഭ പുരുഷന്റെ സ്വകാൎയ്യസ്വത്താണെന്നും, മഹതികളായ പ്രതിഭാശാലിനികൾ സ്ത്രീകളുടെ ഇടയിൽ ഉണ്ടാവാറില്ലെന്നും തത്വചിന്തകന്മാർ ഉച്ചൈസ്തരം ഉൽഘോഷിക്കുന്ന ഒരു കാലമാണിതു്. സ്ത്രീകളുടെ സൃഷ്ടിശക്തി വെറും ശാരീരികമായ സന്താനോൽപാദനത്തിലും, അവരുടെ കലാവാസന ഈ സന്താനങ്ങളെ സംരക്ഷിക്കുന്നതിലും മാത്രമാണു് പ്രവൎത്തനം ചെയ്യുന്നതെന്നു ബർണാർഡ് ഷാ അഭിപ്രായപ്പെടുന്നു. മഹാകവി ടാഗോറാകട്ടെ, പുരുഷന്റെ കലാപരമായ ഉന്നതിക്കുതകുന്ന ഏററവും സുന്ദരമായ ഒരു പ്രേരകവസ്തുവെന്നാണു് സ്ത്രീയെ ഓമനിച്ചു വിളിക്കുന്നതു്. കാലത്തിന്റെ പുരോഗമനത്തിന്നിടയിൽ സ്ത്രീപുരുഷന്മാൎക്കു സംഭവിക്കുന്ന മാനസികങ്ങളായ പരിണാമങ്ങളെ ഈ ചിന്തകന്മാർ വകവെക്കുന്നില്ല. ഇന്നത്തെ സ്ത്രീകളുടെ ബുദ്ധിയിലും ഭാവനയിലും വളൎന്നുവന്നിട്ടുള്ള മഹനീയങ്ങളായ മാററങ്ങളെ അവർ പരിഗണിക്കുന്നതേയില്ല.

ജഡമായ നമ്മുടെ ശരീരത്തിന്റെ കലാവാസനയാണു് കാമം. സൂക്ഷ്മമായ നമ്മുടെ ആദ്ധ്യാത്മിക പ്രകൃതിയുടെ കാമവാസനയാണു് കല. ഐശ്വര്യവും ദിവ്യവുമായ ഒരേ സൃഷ്ടിപ്രവാഹത്തിന്റെ കൈവഴികളാകുന്നു ഇവ രണ്ടും. സ്വതസ്സിദ്ധമായ സൃഷ്ടിശക്തിയെ സ്ഥൂലവും പ്രായോഗികവുമായ എല്ലാററിൽനിന്നും ഉയൎന്ന ഒരു മണ്ഡലത്തിൽ വ്യാപരിപ്പിക്കുന്നതിനുള്ള അതിയായ സാമൎത്ഥ്യമാണു കലാപ്രതിഭ എന്നു പറയപ്പെടുന്നതു്. ഹൃദയത്തിന്റേയും ഭാവനയുടേയും പ്രാകൃതികവും പരമ്പരാഗതവുമായ സംസ്കാരമുള്ള മനുഷ്യരിൽ മാത്രമേ, അവൎക്കു വല്ല പ്രതിഭയുമുണ്ടെങ്കിൽത്തന്നെ, അതു പ്രശോഭിക്കുകയുള്ളു. സ്ത്രീകളുടെ, വളരെക്കാലത്തെ ബുദ്ധിപരമായ പാരവശ്യവും സംസ്കാരപരമായ സങ്കുചിതത്വവുമാണു പ്രാചീനകാലത്തു അവരുടെ ഇടയിൽ പ്രതിഭയെ ദുൎല്ലഭമാക്കിയതു്. ഇയ്യിടെയായി സ്ത്രീകൾക്കു സംസ്കാരം സിദ്ധിക്കുന്നുണ്ടു്. അതുകൊണ്ടുണ്ടാവുന്ന വ്യത്യാസം അവരിൽ കാണ്മാനുമുണ്ടു്. ക്രമപ്രവൃദ്ധമായ ഒരാദ്ധ്യാത്മികപ്രകൃതി അവരിൽ മുററിത്തഴച്ചുനില്ക്കുന്നുണ്ടെന്നു നിഷ്പക്ഷപാതിയായ ഏതു നിരീക്ഷകന്നും സ്പഷ്ടമായി കാണ്മാൻ കഴിയും.

നാലപ്പാട്ടു ബാലാമണിയമ്മയുടെ 'അമ്മ' എന്ന കൃതി നോക്കുക. ലോകത്തിൽ ഒരു സ്ത്രീയും ഇത്ര ഉൽകൃഷ്ടവും മനോഹരവുമായ ഒരു ലഘുകാവ്യം ഇതുവരെ എഴുതിയിട്ടില്ലെന്നു ഞാൻ പറയും. ആധുനികവനി

തയിൽ അഭിവൃദ്ധിപ്പെട്ടുവന്നിട്ടുള്ള മനോവികാസത്തിൻെറ ശാശ്വതമായ പരിമളമാണിത്. അവളിൽ അധികമധികം ഉജ്വലിച്ചുവരുന്ന ആഭ്യന്തരമായ പ്രതിഭാവിലാസത്തിൻെറ പ്രകാശധോരണിയാണിത്. അതിന് അസ്തമനമില്ല. അതിൻെറ ഓരോ വരിയും അമരത്വത്തിൻെറ മുദ്ര പതിഞ്ഞിട്ടുള്ള ഓരോ സ്വർഗ്ഗീയ കിരണമാണ്. ഭൌതികമായ ഭൂമിയുടെ മണ്ണുപുരണ്ട മാതൃത്വം ആത്മീയമായ ഒരന്തരീക്ഷത്തിലേക്കുയൎന്നു പൊങ്ങി ഒരു കാലത്തും വാടാത്ത ഒരു പനീർപ്പൂമൊഘലമായി പരിലസിക്കുന്നു. സ്ത്രീ ഒരമ്മ മാത്രമല്ല, ഒരു കവികൂടിയായിത്തീൎന്നിരിക്കുന്നു. പുത്രദൎശനത്തിൽ അവളുടെ വാത്സല്യം മാത്രമല്ല, അവളുടെ കലാപരമായ സൌന്ദൎയ്യബോധംകൂടി ഉയിൎത്തെഴുന്നേല്ക്കുന്നു.

രഹസ്യമയമായ സ്ത്രീഹൃദയത്തിൻെറ അടിത്തട്ടിലുള്ള അനുഭവങ്ങൾ സ്ത്രീക്കു മാത്രമേ അവഗാഢമായി അറിഞ്ഞുകൂടൂ. പുരുഷന്മാരായ സാഹിത്യകാരന്മാൎക്ക് അതിൻെറ അഗാധതകളിലേക്കു ചുഴിഞ്ഞുചെല്ലുവാൻ അത്ര സുഭിക്ഷമായി സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല. അതിൻെറ ആന്തരമായ ആഴത്തെ അളന്നുനോക്കാൻ അവരുടെ നിളമേറിയ നോട്ടങ്ങൾപോലും അശക്തങ്ങളായിത്തീരുന്നു. ധ്യൂഗോ, ഷേക്സ്പിയർ, കാളിദാസൻ, ദ്വിജേന്ദ്രലാൽ, വള്ളത്തോൾ മുതലായ ലോകത്തിലെ പ്രതിഭാശാലികളായ പുരുഷകവികളെല്ലാംതന്നെ സ്ത്രീസ്വഭാവത്തിൻെറ വെറും ബാഹ്യങ്ങളായ ചില മനോഹാരിതകളെ, അല്ലെങ്കിൽ വൈരൂപ്യങ്ങളെ, ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ, ചിത്രണംചെയ്തു തൃപ്തിയടയുകയാണു മിക്കപ്പോഴും ചെയ്യുന്നത്.

സ്വന്തം കണ്ണുകൾ അഞ്ചിപ്പോകത്തക്കവണ്ണം അത്രയും ദീപ്തിമത്തായ ഒരു സൌന്ദൎയ്യംകൊണ്ടു പൊതിഞ്ഞതായിട്ടോ, അല്ലെങ്കിൽ കണ്ണുകൾ കാണാതാവത്തക്കവണ്ണം അത്രയും അഭേദ്യമായ ഒരന്ധകാരത്താൽ മൂടപ്പെട്ടതായിട്ടോ, ആണ് ധ്യൂഗോ സ്ത്രീത്വത്തെ കാണുന്നത്. അദ്ദേഹം ഒന്നുകിൽ ഒരു ഫൻതീനെയോ കൊസെത്തിനെയോ സൃഷ്ടിക്കും. അല്ലാത്തപക്ഷം ഒരു മദാംതെനാർദിയറെ വെളിച്ചംകൊണ്ടും നിഴലുകൾകൊണ്ടും നിറഞ്ഞ ഹൃദയങ്ങൾ, ഴാങ്ങ്വാൽഴാങ്ങിൻേറതുപോലെതന്നെ ഭയങ്കരങ്ങളായ പരിവൎത്തനങ്ങൾക്കു വശംവദങ്ങളായ നിൎഭാഗ്യഹൃദയങ്ങൾ, സ്ത്രീകളിൽ ഇല്ലാഞ്ഞിട്ടാണോ? അല്ല, ഒരിക്കലും അല്ല. പക്ഷെ, സ്ത്രീഹൃദയത്തിൻെറ അന്തരം നിഗ്രൂഢവൃത്തങ്ങളെ ലോകസാഹിത്യത്തിൽ എന്നെന്നേക്കുമായി പൊതിയ്ക്കുവാൻ സ്ത്രീകൾക്കു മാത്രമേ സാധിക്കൂ. പുരുഷന്മാൎക്ക് അവയെപ്പററി ആലോചിക്കാൻ മാത്രമേ കഴിയൂ, അവയെ മനസ്സിലാക്കാൻ കഴികയില്ല.

ലോകത്തിൽവെച്ച് ഏററവുമധികം സജീവങ്ങളായ കഥാപാ

ത്രങ്ങളെ രചിച്ചിട്ടുള്ള ഷേക്സ്പിയൎക്കുപോലും സ്ത്രീസ്വഭാവത്തിന്റെ തൊലിപ്പുറമെയുള്ള തിളക്കത്തിൽ മയങ്ങാനേ കഴിഞ്ഞിട്ടുള്ളു. അദ്ദേഹത്തിന്റെ സ്ത്രീസൃഷ്ടികൾക്ക് അദ്ദേഹത്തിന്റെ പുരുഷസൃഷ്ടികളോളം ഗൌരവമോ ഗാംഭീൎയ്യമോ ഇല്ല. ഡെസ്ഡിമോണയുടെ ദുഃഖങ്ങൾ കണ്ടാൽ കണ്ണുകളിൽനിന്നു കണ്ണുനീരൊഴുകും. ഒഥെല്ലോവിന്റെ കഷ്ടപ്പാടുകൾ കണ്ടാൽ കരയാൻകൂടി നമുക്കു കഴികയില്ല.

കാളിദാസന്റെ ശകുന്തള ഒരു ബുദ്ധിയില്ലാത്ത സുന്ദരിയും സുശീലയുമാണ്. അവളുടെ മനസ്സിന്നു് ഒരാഴവുമില്ല, സ്വഭാവത്തിന്നു് ഒരു വ്യക്തിത്വവുമില്ല. പഴയ ഭാരതീയജനതയുടെ സ്ത്രീത്വത്തിന്നു മാതൃകയാണവൾ. പുരാതനകാലങ്ങളിലെ പുരുഷൻ തന്റെ ധീരോദാത്തമായ ഹൃദയത്തിൽവെച്ചാരാധിച്ചുപോന്നിരുന്ന ആദൎശവനിതയാണവൾ. ദ്വിജേന്ദ്രലാലിന്റെ നൂർജഹാൻ എന്ന കഥാപാത്രം മാത്രം അഗാധമായ അന്തസ്സാരമുള്ള ഒരു സൃഷ്ടിതന്നെയാണെങ്കിലും, ആ പാത്രത്തിന്റെ കിടയ്ക്കുനില്ക്കുവാൻ അദ്ദേഹത്തിന്റെ നാടകങ്ങളിൽ വേറെ ആരെയും കാണ്മാനില്ല.

ടാഗോർ പറയുന്നു, "അല്ലയോ സ്ത്രീ! നീ പാതി സ്ത്രീയും പാതി സ്വപ്നവുമാണ്." പുരുഷന്മാരായ കവികൾ മുഴുവൻ ഈ സ്വപ്നത്തിൽ മുഴുകിക്കിടക്കുന്നു. വാസ്തവത്തിലുള്ള സ്ത്രീയെ സ്ത്രീകൾതന്നെ സൃഷ്ടിക്കട്ടെ. യഥാൎത്ഥമായ സ്ത്രീത്വത്തെ അവർതന്നെ ആവിഷ്കരിക്കട്ടെ.

# രാഷ്ട്രസൃഷ്ടിയും നിരൂപണബുദ്ധിയും.*

[രാമാനന്ദ ചാററർജി.]

മനുഷ്യജീവിതത്തിൽ വിശ്വാസത്തിൻെറ ശക്തി അമേയമാണ്. പ്രേമവും ഉൽക്കർഷേച്ഛയും അപ്രകാരംതന്നെ. എന്നാൽ വിശ്വാസം അന്ധമായ മതപ്രസക്തികൾക്കും മതഭ്രാന്തിനും കാരണമായിത്തീരരുത്. സ്വജനങ്ങളോടുള്ള സ്നേഹം പരന്മാരോടുള്ള വിദ്വേഷത്തിനോ അവജ്ഞക്കോ ഹേതുവാകരുത്. ഉൽക്കർഷേച്ഛ വെറും മായാവിമോഹമാകുന്നതു ആപൽക്കരമാണ്. അതിനാൽ വിശ്വാസം, ഉൽക്കർഷേച്ഛ പ്രേമം എന്നിവ നല്ലവരാക്കിത്തീർക്കാനും നല്ലതു പ്രവർത്തിപ്പാനും മനുഷ്യർക്കു മാർഗ്ഗദർശകങ്ങളാകണമെങ്കിൽ അവരുടെ കാര്യകാരണബോധത്തെ മനുഷ്യർ ഉത്തേജിപ്പിക്കണം.

ഭീമമായ കുററം ചെയ്യാതിരിക്കാൻ വിശ്വാസം കാരണമാകുന്നില്ല. സർവ്വരുടേയും ദൃഷ്ടിയിൽ കഠോരവും അസാന്മാർഗ്ഗികവുമായ പ്രവൃത്തി ചെയ്യുന്നവരെ മതഭക്തരായ ജനങ്ങൾ ഒരു കാലത്തും ഹിംസിച്ചിരുന്നതായി കേട്ടിട്ടില്ല. എന്നാൽ ഒരു പ്രത്യേകനടപടിക്കു വിധേയരാകാതെ നടക്കുന്നവരെ പലകാലത്തും വധിച്ചിട്ടുള്ളതായികാണാം. പാപപങ്കിലമായ ജീവിതം നയിക്കുന്ന ഒരു കുലീനബ്രാഹ്മണനെ സമുദായത്തിൽ നിന്നു ബഹിഷ്കരിക്കയോ അയാൾ തൊട്ടുകൂടാത്തവനെന്നോ തീണ്ടിക്കൂടാത്തവനെന്നോ ആരും വിചാരിക്കയോ ചെയ്യുന്നതായി നമുക്കറിവില്ല. വളരെ നിർമ്മലവും സാന്മാർഗ്ഗികവുമായ ജീവിതം നയിക്കുന്ന—യഥാർത്ഥ ബ്രാഹ്മണജീവിതം നയിക്കുന്ന—എത്രയോ ലക്ഷം ജനങ്ങളെയാണു തെണ്ടിപ്പട്ടികളെപ്പോലെ അശുദ്ധരെന്നും അസ്പൃശ്യരെന്നും വിചാരിക്കപ്പെടുന്നതു്! ഇതു ജഡമായ ചില പ്രത്യേക വിശ്വാസത്തിൻെറ ഫലമാണ്. അതിനാൽ ഈദൃശമായ വിശ്വാസമല്ല മനുഷ്യരിൽ അങ്കുരിക്കേണ്ടതു്. മനുഷ്യദൃഷ്ടിയിൽ തെററായിട്ടുള്ള കാര്യങ്ങൾ വിശ്വസിക്കുന്ന ഒരുവൻെറ വിശ്വാസം വിശ്വാസമല്ല. ദോഷഭൂയിഷ്ഠമായ വിശ്വാസത്തെ പുലർത്തുന്നതുകൊണ്ടു മനുഷ്യജാതിക്കു യാതൊരുഗുണവും വരാനില്ല. തന്മൂലം മനസ്സിൻെറ വിശ്വസിക്കാനുള്ള ശക്തിയോടുകൂടിത്തന്നെ നാം നിരൂപണബുദ്ധിയേയും പോഷിപ്പിക്കേണ്ടതാണ്.

## രാഷ്ട്രസൃഷ്ടി.

ലോകത്തിൽ രാഷ്ട്രസൃഷ്ടിയെ (Nation Building) കുറിച്ചുള്ള വാദപ്രതിവാദം ഇതേവരെ അവസാനിച്ചിട്ടില്ല. അതു് അനാവശ്യമാണെന്നു്

---

* ഭാഷാനുവാദം എ. കെ. മേനോൻ.

ഇവിടെ പറയുന്നില്ല. ഭാരതീയരുടെ ദൃഷ്ടിയാൽ ഇതു വളരെ പ്രാധാന്യമുള്ള ഒരു സംഗതിയാണ്. എന്നാൽ രാഷ്ട്രീയബോധം—അതിന്റെ അംഗീകൃതമായ അർത്ഥത്തിൽ—അല്പാല്പമായി പ്രശസ്തികരങ്ങളായിത്തീരുകയും തന്മൂലം അതിൽ ഹാർദ്ദമായ വിശ്വാസമുള്ളവർ തന്നെ സാർവ്വലൗകികതത്വത്തെ പ്രസംഗമാത്രമായി ആദരിക്കയും ചെയ്യുവരുന്നു. സജ്ജനങ്ങൾക്കു ദുസ്സ്വഭാവം നൽകുന്ന ഉപഹാരം കാപട്യമാണ്. പക്ഷെ രാഷ്ട്രീയബോധത്തിന്റെ ശരിയായ അർത്ഥത്തിൽ നാം അതിനെ ആദരിക്കേണ്ടതാണ്. സ്വകുടുംബത്തിന്റെ ശ്രേയസ്സിനും ക്ഷേമത്തിനും അത്യന്തം അദ്ധ്വാനിക്കുന്ന ഒരുവൻ അന്യർക്ക് ഉപദ്രവകാരണമായിത്തീരണമെന്നില്ല; തന്റെ കുടുംബസ്നേഹം മററുള്ള ജനങ്ങളുടെ അഭ്യുദയത്തിനു ഹാനികരമാകാതിരുന്നാൽ മതി. അന്യനാട്ടുകാരുടെ അഭിവൃദ്ധിയാണു തന്റെ അഭിവൃദ്ധിഎന്നു വിചാരിച്ചു അയാൾ തന്റെ സ്വഭാവത്തെ രൂപീകരിക്കണം. ഇപ്രകാരം സ്വരാഷ്ട്രത്തിന്റെ പുരോഗതിക്കുവേണ്ടി പരിശ്രമിക്കുന്ന ഒരാളുടെ പ്രവൃത്തികളിൽ പരരാഷ്ട്രങ്ങളുടെ ഉന്നതിക്കു ബാധകമായിത്തീരത്തക്ക യാതൊരു കാര്യവും അന്തർഭവിച്ചിട്ടില്ല. നേരെമറിച്ച് ഒരു രാഷ്ട്രത്തിന്റെ അഭിവൃദ്ധി അന്യരാജ്യത്തേയോ രാജ്യങ്ങളേയോ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു വിദേശങ്ങളുടെ നിഴലിൽ സ്വദേശത്തെ വളർത്തിക്കൊണ്ടുവരാമെന്നു വിചാരിക്കുന്നതു് കേവലം മൗഢ്യവും ന്യായരഹിതവുമാണ്. മനുഷ്യവർഗ്ഗം ചേതോഹരമായ ഒരു സൌധമാണെന്നു് വിചാരിക്കുന്നപക്ഷം രാഷ്ട്രങ്ങൾ അതിനെ നിർമ്മിക്കാനുള്ള ഇഷ്ടികക്കല്ലുകളാകുന്നു. അതിനാൽ ഈ ഇഷ്ടികകൾ ശക്തിയുള്ളവയും സശ്രദ്ധം നിർമ്മിച്ചവയുമായിരിക്കണം. സർവ്വരാജ്യബന്ധത്തിലെന്നപോലെതന്നെ ഒരു രാജ്യത്തിലെ ഒരു പ്രത്യേകസമുദായം അതിന്റെ അഭിവൃദ്ധിയെമാത്രം ലാക്കാക്കി മററു സമുദായത്തേയോ സമുദായങ്ങളേയോ കെടുത്തുവാൻ ഉത്സാഹിക്കുന്നതും വെറും ഭോഷത്വമാണ്.

## രാഷ്ട്രസൃഷ്ടി അത്ര എളുപ്പമല്ല.

ഒരു ഗൃഹം നിർമ്മിക്കുന്നവനേക്കാൾ എത്രയോ പ്രയാസമേറിയ ഒരു പ്രവൃത്തിയാണു രാഷ്ട്രത്തെ രൂപീകരിക്കുന്നവനുള്ളതു്! ചൈതന്യമോ വികാരമോ മററു മാനസികശക്തികളോ ഇല്ലാത്ത പദാർത്ഥങ്ങളെക്കൊണ്ടാണു ഗൃഹനിർമ്മാണത്തിന് ഒരാൾ പുറപ്പെടുന്നതു്. രാഷ്ട്രരൂപീകരണത്തിനു ധൃതകവചനായി പുറപ്പെടുന്ന ഒരാൾക്കു ഹസ്തഗതമാകുന്ന സാധനങ്ങൾ മുൻപറഞ്ഞ ഗുണങ്ങൾ ഉള്ളവയാണ്. തന്മൂലം താദൃശവസ്തുക്കൾകൊണ്ടു് അഭേദ്യമായ ഒരു രാഷ്ട്രസൌധം നിർമ്മിക്കുക എന്നുള്ള കാര്യം അത്ര എളുപ്പമല്ലല്ലോ. മനുഷ്യർ സംഘബലത്തെ ആശ്രയിച്ച

ജീവിക്കുന്ന ഒരുകൂട്ടം ജീവികളായതുകൊണ്ടു പരസ്പരം ആകർഷണത്തിനു വഴിയുണ്ടെങ്കിലും അവർതമ്മിൽ ഭിന്നിക്കുന്നതിനു ധാരാളം കാരണങ്ങൾ ഉണ്ടു്. സ്വാർത്ഥചിന്ത, മത്സരം, അസൂയ, മതാചാരവൈവിദ്ധ്യം, ജാതിവ്യത്യാസം മുതലായവയാണു പ്രധാന ഹേതുക്കൾ. ഈ കാരണങ്ങൾ നിശ്ശേഷം നശിപ്പിക്കുന്ന കാര്യം സാദ്ധ്യമല്ല. എന്നുതന്നേയല്ല ലോകത്തിൽ വ്യക്തിമര്യാദ നിലനിർത്തേണ്ടതുമാണു്. ആയതിനാൽ രാഷ്ട്രനിർമ്മാണത്തിൽ ഏർപ്പെടുന്നവർ ജനങ്ങൾ തമ്മിലുള്ള അപകർഷണത്തിനു് ആകർഷണത്തേക്കാൾ ശക്തി വർദ്ധിക്കാതിരിപ്പാനും വ്യക്തിമര്യാദയെ സംഘബലം നാമാവശേഷമാക്കാതിരിപ്പാനും അത്യന്തം ശ്രദ്ധിക്കേണ്ടതാണു്.

നാം അറിയുന്ന എല്ലാ മതങ്ങളും മനുഷ്യസഞ്ചയത്തെ പഠിപ്പിക്കുന്ന പ്രധാന പാഠം സ്നേഹമാണു്. സർവ്വരാജ്യതത്വജ്ഞന്മാരെന്നപോലെ തന്നെ രാഷ്ട്രവാദികൾക്കും മതം വളരെ പ്രയോജനമുള്ളതായിത്തീരേണ്ടതാണു്. പക്ഷേ, ഇന്നു പരമാർത്ഥത്തിൽ ജാതി, വർഗ്ഗം, ഗോത്രം മുതലായവയെ ലംഘിക്കുന്ന സാർവ്വജനീനമായ ഒരു മതത്തെ അവലംബിക്കുന്നവരുടെ സംഖ്യ എത്ര നിസ്സാരം! വിഭിന്നമതാവലംബികളല്ലെങ്കിലും അവാന്തരവിഭാഗങ്ങൾനിമിത്തം സംഖ്യാതീതമായ യുദ്ധങ്ങൾ ജനതതിയുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെന്നു ചരിത്രം പറയുന്നു. ഈ കാരണത്താൽ ഒരു യഥാർത്ഥ രാഷ്ട്രീയനേതാവു മതകാര്യങ്ങളിൽ പ്രവേശിക്കുന്നപക്ഷം ജനങ്ങൾതമ്മിലുള്ള വിദ്വേഷത്തേയും അനൈകമത്യത്തേയും ഉദ്ദീപിപ്പിച്ചേക്കാവുന്നതും ചില പ്രത്യേക മതാനുഷ്ഠാനങ്ങളെ സംബന്ധിക്കുന്നതുമായ യാതൊരു കാര്യത്തിലും അനാവശ്യമായി ഇടപെടാതെ കഴിക്കണം. വാസ്തവമാലോചിച്ചാൽ പ്രസ്തുത നേതാക്കന്മാർ മതവിശ്വാസത്തെ ബാധിക്കുന്ന ഒരു സംഗതിയിലും പ്രവേശിക്കാതിരിക്കയാണു് ഉത്തമം. മനുഷ്യരുടെ സാന്മാർഗ്ഗികവും ആത്മീയവുമായ ആദർശങ്ങളെ ചൂണ്ടിക്കാണിയ്ക്കാതിരിക്കരുതു്. എന്നാൽ എല്ലാത്തിലുംവച്ചു നന്നായിട്ടു തോന്നുന്നതു താദൃശമായ മതാനുഷ്ഠാനങ്ങളെ മനസ്സിലാക്കുകയും അതേസമയത്തുതന്നെ അവയെക്കുറിച്ചു നിരൂപണംചെയ്യുകയുമാണു്. ഇന്നത്തെ രാഷ്ട്രവാദികളുടെ ആലോചനാപരിധിയിൽ ഇക്കാര്യം പെടുന്നുണ്ടോ എന്നു സംശയമാണു്.

## വർഗ്ഗീയവിദ്യാഭ്യാസം.

ഇന്നത്തെ രാഷ്ട്രീയവും സാർവ്വലൌകികവുമായ വാദങ്ങളെപ്പററി വിചാരിക്കുമ്പോൾ വർഗ്ഗീയവിദ്യാലയങ്ങളും അവയിലുള്ള മതാഭ്യസനവും അനാവശ്യമെന്നാണു് തോന്നുന്നതു്. താദൃശവിദ്യാലയങ്ങളും മതാഭ്യസനവും സങ്കുചിതമനോഭാവത്തെ ജനിപ്പിക്കുന്ന മതനിഷ്ഠയെ പുലർത്തുകയേ

ഉള്ളൂ. അവ വേണമെന്നു പറയുന്നവർ അതാതു സമുദായങ്ങളിലെ മതനിഷ്ഠരോ മതനിഷ്ഠരെന്നു അഭിമാനിക്കുന്ന ചിലരോ മാത്രമാണു്. ഈ മതനിഷ്ഠ രാഷ്ട്രീയമായ സംഘടനയ്ക്കും സ്ഥിരപ്രതിഷ്ഠക്കും ഒരിക്കലും സാഹായ്യമായി പരിണമിക്കയില്ലെന്നു നമ്മുടെ മതാചാരവിശുദ്ധന്മാർ മനസ്സിലാക്കുന്നുണ്ടോ? ആത്മബോധവും മതനിഷ്ഠയുമുള്ള ഒരു ഹിന്ദുവോ മുസൽമാനോ പരസ്പരസ്നേഹത്തിനുതകുന്ന കാൎയ്യത്തിൽപോലും യോജിച്ചു പ്രവൎത്തിക്കുമോ? ഹിന്ദുക്കളും മുസൽമാൻമാരും അപ്രകാരംതന്നെ ഇതര മതാവലംബികളും ഒരേ ഒരു രാഷ്ട്രീയവൎഗ്ഗമാകണമെങ്കിൽ അവർ കണ്ണടച്ചു കെട്ടിപ്പിടിച്ചിട്ടുള്ള ആ പ്രത്യേകമതബോധത്തേയും സ്വഭാവത്തേയും വിട്ടുകളയണം. പരമാൎത്ഥത്തിൽ, എനിക്കു ചില മതാചാരങ്ങളെപ്പററി ബഹുമാനവും സ്നേഹവും ഉണ്ടു്. എങ്കിലും ഈ സന്ദൎഭത്തിൽ അവയെ പ്രഥമഗണനക്കു് ആസ്പദമാക്കുവാൻ നിവൃത്തിയില്ല. ഇന്ത്യയിൽ ഹിന്ദുക്കളോ മുസൽമാൻമാരോ ഏതെങ്കിലും ഒരു മതക്കാർ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും, ഇന്നത്തെ സ്ഥിതിക്കു്, അവരുടെ ചില പ്രത്യേക മതാചാരങ്ങൾ ഉപേക്ഷിക്കാത്തപക്ഷം ശരിയായ രാഷ്ട്രീയസ്ഥിതി ഇന്ത്യക്കു് ഉണ്ടാകയില്ല. തൊട്ടുകൂടാത്തവരെന്നും തീണ്ടിക്കൂടാത്തവരെന്നും ഹിന്ദുക്കളിൽതന്നെ പല ജാതികൾ ഉണ്ടു്. ഉയന്ന ജാതി ഹിന്ദുക്കളൊന്നിച്ചു അവൎക്കു യാതൊരു പ്രവൃത്തിയും ചെയ്തുകൂടാ. ഈ അസ്പൃശ്യത ഗാന്ധി വിചാരിക്കുന്നതുപോലെ, ഭാരതത്തിനു വല്ല ഗുണവും സിദ്ധിച്ചേക്കാം. പക്ഷേ ആ ഗുണം, അഭ്യസ്തവിദ്യരും ആത്മജ്ഞാനികളും ആയ അസ്പൃശ്യർ ന്യായമായും സ്വാഭാവികമായും ആവശ്യപ്പെടുന്നതരത്തിലുള്ളതായിരിക്കയില്ലാ. ഇനി, ഈ അസ്പൃശ്യർ ഗാന്ധിയുടെ ദയാപൂൎവ്വമായ ചില അനുഗ്രഹങ്ങൾകൊണ്ടു തൃപ്തരായി എന്നുതന്നെ ഇരിക്കട്ടെ; എന്നാലും മഹാരാഷ്ട്രത്തിലും തെക്കേ ഇന്ത്യയിലുമുള്ള അബ്രാഹ്മണരുടെ കഥയോ? അവർ അസ്പൃശ്യരല്ല! ഇക്കൂട്ടർ വളരെക്കാലമായി ബ്രാഹ്മണരുടെ അനന്യാധീനമായ അധികാരശക്തിയോടു മല്ലിടുകയാണു്. ഈ യുദ്ധം രാഷ്ട്രീയം മാത്രമല്ല, സാമുദായികവും മതസംബന്ധവുമാണു്. മതാനുഷ്ഠാനങ്ങളിലും അടിയന്തിരാദികളിലും ബ്രാഹ്മണരുടെ ആചാൎയ്യത്വം കൂടാതെ കഴിക്കണമെന്നുള്ള പക്ഷക്കാരാണു് ഈ അബ്രാഹ്മണരിൽ അധികവും.

### ജാതിബോധം തിരോധാനംചെയ്യണം.

അസ്പൃശ്യതയെ ഗാന്ധിയുടെ ലക്ഷ്യംവരെ ഉപേക്ഷിക്കുന്നപക്ഷവും—അതുതന്നെ ഹിന്ദുമതാചാരനിഷ്ഠയുടെ ഒരു വിഷപ്പല്ലു് അറുക്കുന്നതേ ആകുന്നുള്ളു—ഇന്നത്തെ രാഷ്ട്രീയപുരോഗമനത്തിനു പറയത്തക്ക

ഒരു മരുന്നാകുന്നില്ല. ജാതിഭ്രാന്തിനെ 'ചമ്പകടത്തു'കയാണു വേണ്ടതു്. പക്ഷേ ഹിന്ദുമതാചാരനിഷ്ഠയെ എന്തു നഷ്ടപ്പെട്ടാലും നിലനിർത്തണമെങ്കിൽ മേൽപ്രസ്താവിച്ച കാര്യം സാദ്ധ്യമാകയില്ല. മുസ്‌ലിംമതത്തിലുള്ള മതനിഷ്ഠയെപ്പററി അധികമൊന്നും എനിക്കു അറിഞ്ഞുകൂടാ. എന്നാൽ ഇന്നത്തെ തുർക്കിരാജ്യത്തെ സർവ്വരാജ്യകാര്യത്തിൽ ഗണനീയമായ ഒരു സ്ഥാനത്തിനു അർഹമാക്കിത്തീർത്ത അവിടത്തെ ജനങ്ങൾക്കു മതാചാരനിഷ്ഠ കേവലം ഇല്ലെന്നുതന്നെ പറയാം. സ്ത്രീകളുടെ ഇടയിലാണു മതാചാരങ്ങൾക്കും മററും അധികം പ്രാബല്യം കാണുന്നതു്. പക്ഷേ ടർക്കിയിലെ സ്ത്രീകൾ ഈ സമ്പ്രദായത്തെ എതിർക്കുവാനാണു ഭാവം. ഈജിപ്റ്റിലും ഇത്രത്തോളം മതാന്ധത ഉണ്ടെന്നു തോന്നുന്നില്ല. ഈ രാജ്യം മതത്തേക്കാൾ കൂടുതൽ കാര്യമായി ഗണിക്കുന്നതു രാഷ്ട്രീയസംഗതികളാണെന്നു പരേതനായ മഹമ്മദാലി ഒരിക്കൽ വ്യസനസമേതം പറകയുണ്ടായി. ഈ രണ്ടു രാജ്യങ്ങളേയും പററി ആലോചിക്കുമ്പോൾ ഇന്ത്യയിൽ മുസ്‌ലിംമതം മാത്രമായിരുന്നെങ്കിൽകൂടി അർത്ഥശൂന്യമായ ഈമാതിരി ആചാരാനുഷ്ഠാനങ്ങളെ ബഹിഷ്കരിക്കാതെ കണ്ടു ഇന്ത്യക്കു ഒരിക്കലും രാഷ്ട്രീയപുരോഗതി കണ്ടുപിടിക്കാൻ പോലും സാധിക്കയില്ല. കുറച്ചുകാലംമുമ്പു അഫ്ഘാനിസ്ഥാനിൽ മതവിശ്വാസമില്ലാത്ത ഒരുവനെ അവിടത്തെ ജനങ്ങൾ കല്ലെറിഞ്ഞുകൊന്നു. നമ്മുടെ ഇന്ത്യയിലെ ചില മുസ്‌ലിം സ്നേഹിതന്മാരും ആ പ്രവൃത്തിയെ മുക്തകണ്ഠം ശ്ലാഘിച്ചു.

എന്നാൽ യൂറോപ്പിലെ ക്രിസ്തീയരാഷ്ട്രങ്ങൾ ഓരോന്നും അനൈകമത്യം കൂടാതെ ഭരിക്കപ്പെട്ടുവരുന്നതുകൊണ്ടു മതനിഷ്ഠ, രാഷ്ട്രീയാഭിവൃദ്ധിക്കു ബാധകമല്ലെന്നും തന്മൂലം ഹിന്ദുമതവും മുസ്ലിംമതവും അവയുടെ ആചാരനിഷ്ഠ ഉപേക്ഷിക്കേണ്ടതില്ലെന്നും ചിലർ പറയുമായിരിക്കും. പക്ഷേ യൂറോപ്പിൽ മതത്തിനു രാജ്യകാര്യങ്ങളുമായി യാതൊരു ബന്ധമില്ലെന്നും അവിടെ മിക്ക രാജ്യക്കാരും രാഷ്ട്രീയവിഷയങ്ങളിൽ സ്വന്തം നാട്ടുകാരെന്ന മനോഭാവം മാത്രമെ കൈക്കൊള്ളാറുള്ളുവെന്നും ജർമ്മൻകാർ, ഫ്രഞ്ചുകാർ, ഇംഗ്ലീഷുകാർ എന്നും മററുമല്ലാതെ റോമൻകത്തോലിക്ക, ലൂതറൻ, ആംഗ്ലിക്കൻ, പ്രസ്ബറേറിയൻ എന്നൊക്കെ ഗണിക്കാറില്ലെന്നും അവർ മനസ്സിലാക്കണം. പോരെങ്കിൽ പള്ളിയിൽ പോകുന്നവരുടെ സംഖ്യ നാൾക്കുനാൾ കുറഞ്ഞുവരുന്നതോർക്കുമ്പോൾ പാതിരിമാരേയും മററു മതപ്രാസംഗികന്മാരേയും ഒഴിച്ചു ബാക്കിയുള്ളവരുടെ ഇടയിൽ അനർത്ഥകാരണമായ ഈ മതനിഷ്ഠ അവിടെ കുറഞ്ഞുവരുന്നതായിക്കാണാം. മതപരമായ യാഥാസ്ഥിതികത്വം യൂറോപ്പിൽ ഉണ്ടായിരുന്നെങ്കിൽ മേൽ പ്രസ്താവിച്ച ജാതിവ്യത്യാസങ്ങളും ഒരുപക്ഷെ അടി

മത്തെവുംകൂടി അവിടെ കാണുമായിരുന്നു. ജമ്മനിയിൽ ജൂതന്മാരെ ബഹിഷ്കരിക്കുന്നുണ്ടായിരിക്കും. എന്നാൽ അതു മതസംബന്ധമായ കാൎയ്യങ്ങൾ കൊണ്ടല്ല.

മേൽപറഞ്ഞ സംഗതികളിൽനിന്നും നമ്മുടെ ഭാവിപൌരന്മാൎക്കു കുട്ടിക്കാലം മുതൽ ജീവിതത്തെക്കുറിച്ചു വിശാലമായ ഒരു ജ്ഞാനമാണു് അത്യന്താപേക്ഷിതം എന്നു സിദ്ധമായി. അതുകൊണ്ടു നമ്മുടെ ബാലികാബാലകൎക്കു്, എല്ലാ ജാതികളിലുമുള്ള സ്നേഹിതന്മാരൊരുമിച്ചു തോളോടുതോളു ചേൎന്നു നിൽക്കുവാൻ സമയവും സൌകൎയ്യവും ഉണ്ടാക്കിക്കൊടുക്കുന്ന പൊതുകലാശാലകളും വിദ്യാലയങ്ങളുമാണു് ആവശ്യം. ഇപ്രകാരമുള്ള കലാലയങ്ങളിൽ പഠിക്കുന്ന വിദ്യാൎത്ഥികൾക്കു സ്വഭാവത്തിൻെറ വക്രതകൾ ഉപേക്ഷിക്കുവാനും ഏതു മതത്തെ അവലംബിക്കുന്നവനിലും കുലീനതയും ആദൎശബോധവും സ്നിഗ്ദ്ധതയും ഉണ്ടെന്നു മനസ്സിലാക്കുവാനും ഇതരസമുദായാംഗങ്ങളെ സ്നേഹിക്കുവാനും വിശ്വസിക്കുവാനും സാധിക്കുന്നതാകുന്നു. ദൃഢവും യാവജ്ജീവവുമായ താദൃശമൈത്രീബന്ധമാണു് പൌരധൎമ്മത്തിൻെറ പരമകാഷ്ഠ.

നിരൂപണബുദ്ധിയുടെ ആവശ്യകത

പരിനിഷ്ഠിതമായ മതവിശ്വാസത്തേയും തൽസംബന്ധമായ നടവടികളേയും ഏറെക്കുറെ ഉപേക്ഷിക്കുവാൻ മനുഷ്യൎക്കു സാദ്ധ്യമാകണമെങ്കിൽ നമ്മുടെ ഇടയിൽ നിരൂപണാത്മകമായ ഒരു നവചൈതന്യം ആവിൎഭവിക്കണം. അതു് ഓരോ പ്രത്യേക സമുദായത്തിലും പരിപൂൎണ്ണതയെ പ്രാപിക്കയും വേണം. ഈ ചൈതന്യം ആദ്യമായി ഹിന്ദുക്കളുടെ ഇടയിൽ പ്രകടമായിത്തുടങ്ങിയപ്പോൾ നിരൂപണശീലരായ അവരിൽ ന്യായവാദികൾ, തത്വവാദികൾ, പ്രത്യക്ഷവാദികൾ, ബ്രഹ്മസമാജക്കാർ, ക്രിസ്ത്യാനികൾ എന്നിങ്ങിനെ പല വൎഗ്ഗക്കാരും ഉണ്ടായി. കാലക്രമേണ ഹിന്ദുമതനിഷ്ഠയ്ക്കുള്ള ശക്തിയും പ്രാമാണ്യവും അല്പാല്പമായി കുറഞ്ഞുവരികയും ഹിന്ദുക്കളിൽ പലരും ഇതരമതാവലംബികളായിത്തീരുകയും ചെയ്തു. വാസ്തവത്തിൽ മതനിരൂപകന്മാരായ അസംഖ്യം സ്ത്രീപുരുഷന്മാർ പല കാലങ്ങളിലായി എത്രയോ പ്രതിബന്ധങ്ങളേയും ഭീഷണിപ്രയോഗങ്ങളേയും ജയിച്ചതിൻെറ ഫലമാണു് ഇന്നത്തെ അല്പമെങ്കിലും ആശാസ്യമായ സ്ഥിതി!

മുസ്ലിംമതത്തിലും സ്വതന്ത്രചിന്തയുള്ള ചിലരുണ്ടു്. പക്ഷെ മതഭക്തന്മാരുടെ ആക്രമങ്ങളേയും ഭീഷണികളേയും അവർ നേരിടുവാൻ വേണ്ടപോലെ പരിശ്രമിക്കുന്നില്ല. മുസ്ലിംമതത്തിൽ ഏററവും പ്രാബല്യമുള്ളവർ മുല്ലകളും മൌലാനകളുമാണു്. ഇവരാണു സമുദായത്തിൻെറ

പിന്നിൽനിന്നു പരിഷ്കൃതന്മാരായ യുവജനങ്ങളെക്കൂടി മതാന്ധതയിലേക്കു തള്ളിയിടുന്നതു്.

ജനങ്ങളുടെ മനസ്സിൽ ഈ നിരൂപണശക്തി മുളച്ചുവളൎന്നു തഴക്കണമെങ്കിൽ ഒന്നാമതായി വേണ്ടതു സ്വാതന്ത്ര്യവും രാഷ്ട്രീയവുമായ ഒരു വിദ്യാഭ്യാസസമ്പ്രദായമാകുന്നു. ഇത്തരത്തിലുള്ള വിദ്യാഭ്യാസരീതികൾ മാത്രമേ സാൎവ്വലൌകികവും രാഷ്ട്രീയവും സ്വാതന്ത്ര്യവും വൎഗ്ഗഭിന്നവുമായ ഒരു മനോഭാവത്തെ മനുഷ്യരിൽ ഉളവാക്കുവാൻ സാധിക്കയുള്ളു. നമ്മുടെ സാംസ്ഥാനിക വിദ്യാലയങ്ങളിലെ അഭ്യസനം മാതൃകാപരമായ ഒന്നല്ല, മനസ്സിനെ ചിലബന്ധങ്ങളിൽനിന്നും അതു വേർപെടുത്തുന്നുണ്ടായിരിക്കും; എങ്കിലും ഇന്നു നാം ഉദ്ദേശിക്കുന്ന ഫലം സിദ്ധിക്കുന്നില്ല. ഈ സംഗതിയിൽ രാഷ്ട്രീയാദൎശങ്ങളെ പുരസ്കരിച്ചു നടത്തപ്പെടുന്ന ചില വിദ്യാലയങ്ങൾക്കു വല്ല ഗുണവും ചെയ്യുവാൻ സാധിക്കുമെങ്കിൽ വളരെ നല്ലതുതന്നെ. പക്ഷെ രാഷ്ട്രീയവിദ്യാഭ്യാസം എന്നുള്ളതു ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം, സരസ്വതിപൂജ മുതലായ ചില പൂജകൾ നടത്തുവാൻ താദൃശപാഠശാലകൾ പ്രയോജകീഭവിക്കുന്നതുകൊണ്ടു ഹിന്തുമതനിഷ്ഠയെ ഉദ്ദീപിപ്പിക്കുന്ന ഒന്നാണെന്നു അവർ വിചാരിക്കുന്നു. മുസ്ളിമങ്ങൾക്കും ഏതാദൃശമായ പ്രത്യേക കലാശാലകൾ ഉണ്ടു്.

ഇന്നത്തെ വൈദികന്മാരുടേയും ശാസ്ത്രികളുടേയും വേദാന്തികളുടേയും ഗൎഹണീയമായ ആ പ്രാമാണ്യത്തെ വിദ്യാഭ്യാസവേദികളിൽനിന്നും രാജ്യകാൎയ്യങ്ങളിൽനിന്നും ആട്ടിപ്പായിക്കാത്തപക്ഷം സ്വാതന്ത്ര്യവും യുക്തിപ്രദൎശകവും രാഷ്ട്രീയവും സാൎവ്വലൌകികവുമായ ഒരു മനഃസ്ഥിതി ഒരിക്കലും നമുക്കുണ്ടാകയില്ല. ഹിന്ദുമതാചാരങ്ങളെ ഹിന്ദുക്കളല്ലാത്തവരും മുസ്ളിം മതാചാരങ്ങളെ ഇതരമതാവലംബികളും ക്രിസ്ത്യമതാചാരങ്ങളെ ഇതരമതക്കാരും നിരൂപണംചെയ്യുന്നതു് അതാതു മതക്കാർതന്നെ ആ മഹനീയകൃത്യം ചെയ്യുന്നതിനേക്കാൾ എത്രയോ ഫലവത്തരമായിരിക്കും! ഇതരസമുദായങ്ങളുടെ നിരൂപണത്തിന്നു ഗുണദോഷങ്ങളെ എളുപ്പത്തിൽ പ്രസ്ഫുടമാക്കാൻ സാധിക്കും. ഈ സന്മനഃോഭാവത്തെ വൎദ്ധിപ്പിക്കാനാണ് എല്ലാവരും ശ്രമിക്കേണ്ടതു്. രാഷ്ട്രതന്ത്രം, ധനശാസ്ത്രം, വ്യവസായം എന്നിങ്ങനെ രാഷ്ട്രീയപുരോഗതിയെ ഉദ്ദേശിച്ചും നിൎവ്വഹിക്കപ്പെടുന്ന എല്ലാസംഗതികളിലും ഈ നിരൂപണാത്മകമായ മനോഭാവം അവശ്യം ആവശ്യമാകുന്നു.

അധൃഷ്യമായ വൎഗ്ഗീയപക്ഷപാതം·

എല്ലാസമുദായങ്ങളും ചില പ്രത്യേകാനുകൂല്യങ്ങളെ വ്യക്തമാക്കുന്ന വൎഗ്ഗീയപക്ഷപാതത്തോടും വാക്കുകളോടും സധൈൎയ്യം എതിരിടുവാൻ

പൎയ്യാപ്തമായ ഒരു മനഃസ്ഥൈൎയ്യം സമ്പാദിക്കണം. നമ്മുടെ ഇടയിൽ ഒരു രാഷ്ട്രീയ ജാതിത്വം വളൎന്നു വരുന്നുണ്ട്. ഈ സമ്പ്രദായത്തെ ഉന്മൂലനം ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. സ്വാതന്ത്ര്യമായും ബുദ്ധിപൂൎവ്വകമായും ചിന്തിക്കുവാൻ നാം ശീലിക്കണം. എന്നാൽ നമ്മുടെ വിവിധങ്ങളായ രാഷ്ട്രീയാഭിപ്രായങ്ങളെല്ലാം തെററെന്നോ ആ അഭിപ്രായകൎത്താക്കന്മാരെല്ലാം മൂഢന്മാരാണെന്നോ ഇവിടെ പറയുന്നില്ല. ഇക്കൂട്ടർ തങ്ങളുടെ അഭിപ്രായത്തോടു യോജിക്കാത്ത ചിലരുടെ പ്രസ്താവങ്ങളിലുള്ള കാൎയ്യമായ ഭാഗത്തെ മനസ്സിലാക്കുകയും ഇരുകക്ഷികൾക്കും ആവശ്യമായ സംഗതികളിൽ ഒരുമിച്ചു പ്രവൎത്തിക്കുകയും ചെയ്യേണ്ടതാണെന്നു മാത്രമേ വിവക്ഷയുള്ളു.

ഒരു രാഷ്ട്രത്തിന്റെ അഭിവൃദ്ധിക്കും പ്രാബല്യത്തിനും വിവിധ വ്യവസായങ്ങൾ ആവശ്യമാണ്. വ്യവസായവിഷയത്തിൽ സൎവ്വസാധകമായ ഒരനുഗ്രഹം ചൎക്കമാത്രമാണെന്നും മററു യന്ത്രങ്ങളെല്ലാം അപകൎഷകങ്ങളാണെന്നും ജനങ്ങളിൽ ഒരു വലിയ തെററിദ്ധാരണ കടന്നുകൂടിയിരിക്കുന്നു. എന്റെ അഭിപ്രായം — ഒരുപക്ഷേ തെററായിരിക്കാം — തൊഴിലെടുക്കുവാൻ കാരോരുത്തൎക്കും ഇഷ്ടമുള്ള യന്ത്രവും (ചൎക്കയും ഒരു യന്ത്രമാണ്) തൊഴിൽ സമ്പ്രദായവും സ്വീകരിക്കാമെന്നാണ്. ചില കാൎയ്യങ്ങളിൽ കലപ്പയെന്നപോലെ നൂൽനൂൽപ്പു യന്ത്രത്തിനും പ്രത്യേക ഗുണവും പ്രയോജനവുമുണ്ട്. എന്നാൽ ചില സന്ദൎഭങ്ങളിൽ ഇതു ഉപയോഗശൂന്യവുമാണ്. യന്ത്രങ്ങൾക്കു മനുഷ്യയത്നം കുറയ്ക്കുവാൻ സാധിക്കുമെങ്കിൽ, തൊഴിലാളികൾക്കു അവ വിശ്രമാവസരം നൽകുമെങ്കിൽ, നിൎമ്മലവും സാന്മാൎഗ്ഗികവുമായ പരിസരങ്ങളിൽ തൊഴിലാളികൾക്കു വലിയ കഷ്ടപ്പാടും അടിമത്തവും കൂടാതെ ജോലി ചെയ്യാമെങ്കിൽ, ആദായത്തിലും ഭരണകാൎയ്യത്തിലും അവൎക്കു ഭാഗഭാക്കുകളാകാമെങ്കിൽ വൈദ്യുതബാഷ്പാദി ശക്തികളെ ഉപയോഗിച്ചു നടത്തുന്ന യന്ത്രങ്ങളെ ഇത്രത്തോളം കുററപ്പെടുത്തുവാൻ കാരണം കാണുന്നില്ല. എന്നു മാത്രമല്ല സാമ്പത്തിക സമരം കഴിയുന്നതും വിഷമമാകാതിരിക്കത്തക്കവിധത്തിൽ ഉല്പന്നങ്ങളെ നിയന്ത്രിക്കുവാനും നമ്മുടെ ആദൎശവാദികൾക്കു സാധിക്കും.

പരാപേക്ഷ കൂടാത്ത വാണിജ്യമോ വാണിജ്യരക്ഷണമോ നിലനിൎത്തുവാൻ യാതൊരു രാജ്യത്തിനും സാധിച്ചിട്ടില്ലെന്നുള്ളതിനു ചരിത്രം സാക്ഷിയാകുന്നു. വാണിജ്യനയത്തിനും പരാപേക്ഷ ആവശ്യമാണ്. എന്തെന്നാൽ ചില സാധനങ്ങളുടെ ക്രയവിക്രയത്തിൽ ചില രാഷ്ട്രങ്ങൾ സ്വാതന്ത്ര്യവാണിജ്യം കൈക്കൊള്ളുകയും മററു ചില സാധനങ്ങളുടെ കാൎയ്യത്തിൽ വാണിജ്യസംരക്ഷണം സ്വീകരിക്കുകയും ചെയ്തി

ട്ടുണ്ട്. ഇതിന്നും പുറമെ വാണിജ്യനയം ഉപയോഗിക്കേണ്ടതു് എപ്പോഴാണെന്നും ഏതുമാതിരി ഉൽപ്പന്നങ്ങളുടെ കാൎയ്യത്തിലാണെന്നും തിരുമാനിക്കുവാൻ നാം വേണ്ട വിധത്തിൽ ആലോചിക്കണം. രാജ്യത്തിൻെറ അഭിവൃദ്ധിയായിരിക്കണം നമ്മുടെ ലക്ഷ്യം. വിദേശങ്ങളുടെ ഹൃദയത്തെ വ്രണപ്പെടുത്തി നമ്മുടെ അഭ്യുദയത്തിനു ശ്രമിക്കണമെന്നു ഞാൻ ഒരിക്കലും പറകയില്ല. ന്യായരഹിതവും നിചവുമായ ചില തന്ത്രങ്ങൾ കൊണ്ടു് നമ്മുടെ ചില വ്യവസായങ്ങളെ ചിലർ നാശോന്മുഖമാക്കിത്തീൎത്തു. നമുക്കുള്ളവയെ പുനരുദ്ധരിക്കുവാൻ സാധിച്ചാൽ നമ്മെ മർദ്ദിക്കുന്നവൎക്കു കുറെനഷ്ടം അനുഭവിക്കേണ്ടതായി വരും. അതുകൂടാതെ നിവൃത്തിയില്ല. മററുള്ളവരെ ദോഷപ്പെടുത്തരുതു് എന്നു പറഞ്ഞതിൻെറ അൎത്ഥം വിദേശവ്യാപാരസങ്കേതങ്ങളെ അക്രമനയങ്ങൾകൊണ്ടു് അധഃപതിപ്പിക്കരുതെന്നു മാത്രമാകുന്നു. വിദേശങ്ങളിലില്ലാത്ത ഇവിടത്തെ അസംസ്കൃത സാധനങ്ങളേയും സംസ്കൃതപദാൎത്ഥങ്ങളേയും ന്യായമായി ചിലവാക്കുവാൻ പരിശ്രമിക്കുന്നതിൽ യാതൊരു തെററുമില്ല. വികസ്വരമായ ഒരു മനസ്സാണു് വേണ്ടതു്.

രാജ്യതന്ത്രത്തിൽ ഇന്നത്തെ വ്യവസ്ഥാപിതനയത്തെ മാത്രം അനന്യശരണമായി ആശ്ലേഷിക്കാതെ നാം യുക്തിയുക്തമായ ഒരുമാൎഗ്ഗത്തെ അനുസരിക്കണം. കൃഷകമേധാവിത്വം, ഭൂസമീകരണം മുതലായ സമത്വനിർദ്ദേശങ്ങൾ കൃഷകന്മാരുടെ ഉൽക്കൎഷത്തെ ഉദ്ദേശിച്ചുള്ളവയാണെങ്കിൽ അവയെ അംഗീകരിക്കുന്നതിൽ നമുക്കു എന്താണു് ദോഷം? നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും രാഷ്ട്രീയകാൎയ്യങ്ങളിൽ എത്രത്തോളം പ്രാധാന്യവും ചുമതലയുമാണു് ഉള്ളതെന്നും ഗ്രാമീണപുനരുദ്ധാരണം എത്ര മാത്രം പ്രായോഗികമാണെന്നും മററുമുള്ള നിരവധി പ്രശ്നങ്ങൾ നമ്മെ അഭിമുഖീകരിക്കുന്നു. ഈ വാദങ്ങൾക്കു ശാസ്ത്രീയവും നിരൂപണപരവുമായ ഒരു വീക്ഷണപന്ഥാവിൻെറ സാഹായ്യത്തോടുകൂടി ശരിയായ ഒരു സമാധാനം നാം കണ്ടുപിടിക്കേണ്ടതാണു്. രാഷ്ട്രീയമായ എല്ലാ സംഗതികളേയും പരാമൎശിച്ചുള്ള ഒരു നിരൂപണം ചെയ്യണമെന്നു ഇവിടെ ഉദ്ദേശമില്ല. മേൽപറഞ്ഞ ചില ഉദാഹരണങ്ങളിൽനിന്നും നിരൂപണാത്മകമായ ഒരു ചൈതന്യത്തിൻെറ ആവശ്യകത വേണ്ടതിലധികം സ്പഷ്ടമായിട്ടുണ്ടെന്നു തോന്നുന്നു. മനുഷ്യനെ അനുസ്യൂതമായി പ്രേരിപ്പിക്കുന്ന ഏതെങ്കിലും ഒരു ശക്തിയുടെ സഹായം, ഇല്ലെങ്കിൽ എത്രതന്നെ ചിന്തിച്ചാലും രാഷ്ട്രീയപുരോഗതിക്കു വേണ്ടി ഒരടി മുമ്പോട്ടുവയ്ക്കുവാൻ നാം പ്രാപ്തരായിത്തീരുകയില്ല. ആ ശക്തി ഈ ലേഖനത്തിൻെറ ആദ്യവാക്യത്തിൽ പ്രസ്താവിച്ച പ്രേമം, വിശ്വാസം, ഉൽക്കൎഷേ

ച്ഛ എന്നീ ഗുണത്രയത്തിൽനിന്നും സമുത്ഭവിക്കേണ്ടതാണ്. ഏതെല്ലാം പ്രതിബന്ധങ്ങൾ നമുക്കു തരണംചെയ്യേണ്ടതുണ്ട്, ഏതെല്ലാം അപകടങ്ങളിൽ നിന്നാണ് നാം ഒഴിഞ്ഞുമാറേണ്ടതു്, ഏതെല്ലാം ഭവിഷ്യത്തുകളാണ് നാം സദാ സ്മരിക്കേണ്ടതു് എന്നിങ്ങിനേയുള്ള അവശ്യവിജ്ഞേയങ്ങളായ സംഗതികളാണ് ഈ നിരൂപണാത്മകമായ ചൈതന്യം നമ്മെ മനസ്സിലാക്കുന്നതു്.

UNIVERSITY LIBRARY
15. JAN. 1955

# ദേശഭാഷാമുഖേനയുള്ള വിദ്യാഭ്യാസം.

[മഹോപാദ്ധ്യായ, പി. വി. കൃഷ്ണൻനായർ]

"മുമ്പ് അദ്ധ്യാപകകൃഷീവലനു വിദ്യാലയക്ഷേത്രത്തിലേക്കു വിത്തുമാത്രമേ കൊണ്ടുപോകേണ്ട ഭാരമുണ്ടായിരുന്നുള്ളു. ഇപ്പോഴാകട്ടെ വിത്തും മണ്ണും കൊണ്ടുപോകേണ്ടിവന്നിരിക്കുന്നു" എന്നു് മഹാകവി രവീന്ദ്രനാഥ ടാഗ്ഗൂർ അവർകൾ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ടു്. പണ്ടു്, അദ്ധ്യാപകന്മാർ വിദ്യാലയങ്ങളിലേക്കു് അദ്ധ്യാപനാർത്ഥം പോകുമ്പോൾ ജ്ഞാനം മാത്രമേ സമ്പാദിച്ചുകൊണ്ടു പോകേണ്ട ആവശ്യമുണ്ടായിരുന്നുള്ളു. അദ്ധ്യാപനം മാതൃഭാഷയിലായിരുന്നതുകൊണ്ടു തദർത്ഥം അന്യഭാഷ പഠിച്ചുകൊണ്ടു പോകേണ്ട ആവശ്യമുണ്ടായിരുന്നില്ല; ഇപ്പോൾ ജ്ഞാനവും ഭാഷയും സമ്പാദിച്ചുകൊണ്ടു പോകേണ്ടിവന്നിരിക്കുന്നുവെന്നാണു് മുൻപറഞ്ഞ മഹാകവിവാക്യത്തിന്റെ സാരം.

ഈ കഴിഞ്ഞ മഹായുദ്ധത്തിനുശേഷം എല്ലാരാജ്യത്തും സ്വദേശീയ വസ്തുക്കൾക്കും സ്വദേശഭാഷക്കും കൂടുതൽ പ്രാധാന്യം കല്പിച്ചുകാണുന്നുണ്ടു്. അതുവരെ വൈദേശികവസ്തുക്കളുടേയും വൈദേശികഭാഷയുടേയും മോടിപ്പകിട്ടിൽ ഭ്രമിച്ച് അവയെ ഉൽകൃഷ്ടങ്ങളായി ഗണിച്ചുവന്നിരുന്നു. യുദ്ധത്തിനുശേഷമുള്ള സ്ഥിതി തുലോം വ്യത്യസ്തമായിരിക്കുന്നു. ജ്ഞാനസമ്പാദനം ഏതു ഭാഷയിലുമാകാമെന്നും കൂടുതൽ സൌകര്യമുള്ളതു മാതൃഭാഷാമുഖേനയുള്ള ജ്ഞാനസമ്പാദനമാണെന്നും സ്വദേശീയ വസ്തുക്കൾക്കു ഔൽകൃഷ്ട്യം കല്പിക്കേണ്ടതത്യാവശ്യമാണെന്നും ലോകമാസകലമിന്നു് അറിഞ്ഞുവശമായിരിക്കുന്നു. ഈ ലേഖനത്തിൽ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നതു് ദേശഭാഷാമുഖേനയുള്ള വിദ്യാഭ്യാസത്തെക്കുറിച്ചാണു്.

പാശ്ചാത്യദേശങ്ങളിലെല്ലായിടത്തും മാതൃഭാഷക്കു പ്രാധാന്യം കല്പിച്ചിരിക്കുന്ന ഇക്കാലത്തു ഭാരതം മാത്രം അവയിൽനിന്നും വ്യത്യസ്തമായിരിക്കുന്നതു ശോചനീയംതന്നെ. ഭാരതത്തിൽ ഒരന്യഭാഷക്കാണു പ്രാധാന്യം നൽകിയിരിക്കുന്നതു്. മാതൃഭാഷക്കു ദ്വിതീയസ്ഥാനവും കൊടുത്തിരിക്കുന്നു. ഇതു, പക്ഷേ, അന്യന്മാരുടെ ഭരണത്തിൻകീഴിൽ നാം വർത്തിക്കുന്നതുകൊണ്ടായിരിക്കാം. ഇതുകൊണ്ടു നാട്ടുഭാഷകൾക്കു നേരിട്ടിരിക്കുന്ന അപകർഷം അവാങ്മാനസഗോചരമത്രെ. നമ്മുടെ ശ്രദ്ധ മുഴുവനും അന്യഭാഷാപഠനത്തിൽ ലീനമായിരിക്കുന്നു. ആയതിനാൽ മാതൃഭാഷകൾക്കു് അഭിവൃദ്ധിയും വികാസവും ഉണ്ടാകാനുള്ള സൌകര്യം നഷ്ടമായിപ്പോകുന്നു.

ഈ സന്ദർഭത്തിൽ ലോകമാസകലം വ്യാപിച്ച് വിജ്ഞാനരാശി വിതരണംകൊണ്ടു സർവ്വോൽക്കർഷേണ വർത്തിക്കുന്ന ആംഗലഭാഷയെ വിസ്മരിക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നില്ല. ഇന്ന്, ഒരു മനുഷ്യനായിട്ട് — ഒരു യഥാർത്ഥമനുഷ്യനായിട്ട് — ജീവിക്കണമെങ്കിൽ ഇംഗ്ലിഷുഭാഷയുടെ സഹായം കൂടാതെ നിവൃത്തിയില്ല. വിജ്ഞാനഭണ്ഡാഗാരമായ ആ സാർവ്വലൗകികഭാഷ പഠിക്കുകതന്നെ വേണം. എന്നാൽ, ഒരു വൈദേശിക മാതാവിൻേറ ശുശ്രൂഷണത്തിനുവേണ്ടി സ്വന്തം മാതാവിനെ — ജനനം മുതൽ നമ്മെ താലോലിച്ചും നമ്മുടെ ആവശ്യങ്ങളെല്ലാം വാത്സല്യപൂർവ്വം നിറവേററിയും വരുന്ന ആ വന്ദ്യമാതാവിനെ — ത്യജിക്കണമെന്നു വരുന്നതു വളരെ കഷ്ടമല്ലേ. ആംഗലഭാഷക്ക് ഒരു ഉപഭാഷാസ്ഥാനം നൽകുക. മാതൃഭാഷക്ക് അഗ്രിമസ്ഥാനവും. എന്നാൽ മാത്രമേ മാതൃസേവനം ശരിയാംവിധം നിർവ്വഹിക്കപ്പെട്ടതായി കരുതുവാൻ നിവൃത്തിയുള്ളു.

ഭാരതത്തിൽ ആദ്യമായി വിദ്യാഭ്യാസപരിപോഷണാർത്ഥം പരിശ്രമിച്ചതു മെക്കാളേ പ്രഭുവാണത്രേ. ഏതു ഭാഷയാണ് ഉൽകൃഷ്ട വിദ്യാഭ്യാസത്തിനുതകുന്നതെന്നുള്ള ഗൌരവാവഹമായ പ്രശ്നം പുറപ്പെട്ടപ്പോൾ, ആംഗലഭാഷയാണു സർവ്വപ്രകാരേണയും പ്രയോജകീഭവിക്കുന്നതെന്ന് അഭിപ്രായപ്പെട്ടതു മഹാനുഭാവനായ രാമമോഹനറായി അവർകളാണ്. ഇത്തരത്തിലുള്ള വൈഷമ്യങ്ങളെല്ലാം വന്നു നേരിടുമെന്ന് അദ്ദേഹം അന്നു കരുതിയിരുന്നുവെങ്കിൽ നിശ്ചയമായിട്ടും അപ്രകാരം അഭിപ്രായപ്പെടുകയില്ലായിരുന്നു. അതെല്ലാം പോകട്ടെ. ആധുനിക വിദ്യാഭ്യാസത്തിൽ നമുക്കു നേരിട്ടിട്ടുള്ള പ്രതിബന്ധങ്ങളെന്തെല്ലാമെന്നു പര്യാലോചിക്കതന്നെ.

ഭാരതീയസംസ്കാരം പാശ്ചാത്യസംസ്കാരത്തിൽനിന്നും അത്യന്തം വിഭിന്നമാണ്. നമ്മുടെ പരിതഃസ്ഥിതികളും ജീവിതരീതിയും അവരുടേതിനോടു തീരെ യോജിക്കുകയില്ല. ഇന്നത്തെ നമ്മുടെ വിദ്യാഭ്യാസം വൈദേശികരീതിയിൽ, അതായതു് ആംഗലേയരീതിയിലുള്ളതാണെന്നു മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. ഈ രീതിയിലുള്ള വിദ്യാഭ്യാസം നമ്മുടെ പൂർവ്വസംസ്കാരത്തിനും പരിതഃസ്ഥിതികൾക്കും ജീവിതരീതിക്കും തീരെ അനുകൂലമല്ല. ഇന്നു നാം വിദ്യാലയത്തിൽ പ്രവേശിക്കുമ്പോൾ നമ്മുടെ ജീവിതരീതിയെ വിസ്മരിക്കേണ്ടിവരുന്നു. പാരമ്പര്യസിദ്ധമായ സംസ്കാരത്തിന് അവിടെ യാതൊരു സ്ഥാനവുമില്ല. നമ്മുടെ പരിതഃസ്ഥിതികൾക്കു തീരേ യോജിക്കാത്ത സ്ഥിതികളാണു വിദ്യാലത്തിൽ നമ്മെ അഭിമുഖീകരിക്കുന്നതു്. നാം അഭ്യസിക്കുന്നതൊക്കെയും വൈദേ

ശികരീതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയാണ്. ഇതു നമ്മുടെ വിദ്യാഭ്യാസപുരോഗതിക്കുള്ള വലിയ ഒരു പ്രതിബന്ധംതന്നെ.

വിദ്യാഭ്യാസവിഷയത്തിൽ വേറൊരു പ്രതിബന്ധംകൂടി നേരിട്ടിട്ടുണ്ട്. പാഠ്യവിഷയങ്ങൾ മനസ്സിലാക്കുന്നതിനു നമ്മുടെ ഭാഷയുമായി യാതൊരു ബന്ധവുമില്ലാത്തതും താരതമ്യേന, കർക്കശങ്ങളായ വ്യാകരണനിയമങ്ങൾക്കു വശംവദമായതുമായ ഒരന്യഭാഷയെ നാം ആശ്രയിക്കേണ്ടിവരുന്നു. സ്വഭാഷമുഖാന്തിരം ഏതു വിഷയത്തെപ്പററിയുള്ള ജ്ഞാനം സമ്പാദിക്കുന്നതിനും നമുക്കു ബുദ്ധിമുട്ടില്ല. സ്തന്യത്തോടുകൂടിത്തന്നെ നമ്മുടെ ഹൃദയഭാഗത്തിൽ സ്ഥലംപിടിച്ചിട്ടുള്ളതാണു മാതൃഭാഷ. മാതൃഭാഷയിലുള്ള പദങ്ങളും നമ്മുടെ വിചാരവികാരങ്ങളും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. ഈ ബന്ധം എത്രയോ സുദൃഢമാണ്. ഏതെങ്കിലും ഒരാശയം കേൾക്കുമ്പോൾ അതു നമ്മുടെ ഹൃദയത്തിൽ പതിയുന്നതു മാതൃഭാഷാമുഖേനയാണെന്ന് അനുഭവം വിളിച്ചുപറയുന്നു. ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ ഗ്രഹിക്കുന്നതിനു ഒരന്യഭാഷ പഠിപ്പിക്കേണ്ടതായി വരുന്നതു കുറെ ക്ലേശാവഹംതന്നെയാണ്. ഇതിനും പുറമേ, ഭാഷാലിപികളെ ഗ്രഹിക്കുന്നതിനും വ്യാകരണനിയമങ്ങളെ ഹൃദിസ്ഥമാക്കുന്നതിനും സാമാന്യത്തിലധികം ബുദ്ധിമുട്ടുണ്ട്. അതിനു സമയവും കുറെയേറെ വ്യയം ചെയ്യേണ്ടിവന്നിരിക്കുന്നു. ഈ ആംഗലഭാഷ നമ്മുടെ ഭാഷാകുടുംബത്തിൽ ഉൾപ്പെട്ടതേയല്ല. അതിന്റെ അക്ഷരം ഒരു പ്രകാരവും ശബ്ദം മറെറാരു പ്രകാരവുമാണ്. ഇതൊക്കെയും നമ്മുടെ യുവവിദ്യാർത്ഥികളുടെ തലച്ചോറിനെ തപിപ്പിക്കുന്നു. അദ്ധ്യയനകാലത്തിൽ പകുതിയും അന്യഭാഷാപഠനത്തിനുവേണ്ടിയാണല്ലോ ചിലവാക്കേണ്ടിവരുന്നതു്. ഈ ഭാഷ പഠിക്കുന്നതിനുവേണ്ടി നാം വൃഥാ വ്യയംചെയ്യുന്ന കാലവും ശക്തിയും യഥാർത്ഥവിദ്യാഭ്യാസത്തിനുവേണ്ടി ചിലവാക്കിയിരുന്നെങ്കിൽ അതു കുറേക്കൂടി ഫലപ്രദവും ആശാസ്യവും ആശ്വാസജനകവുമായിരുന്നേനെ. ഇതാണ് ആധുനികവിദ്യാഭ്യാസത്തിലുള്ള വേറൊരു പ്രതിബന്ധം. ഈ പ്രതിബന്ധങ്ങളെയെല്ലാം തരണം ചെയ്ത് ആംഗലഭാഷയിൽ കുറെ പാടവം സമ്പാദിച്ചുവെന്നു വിചാരിക്കുക. എന്നാൽത്തന്നേയും ആ ഭാഷയെ നമ്മുടെ മാതൃഭാഷയെപ്പോലെ നിസ്സങ്കോചം കൈകാര്യം ചെയ്യുന്നതിനുള്ള സാമർത്ഥ്യമുണ്ടാകുന്നില്ല. ഇംഗ്ലീഷുഭാഷ ശരിക്കു ഉച്ചരിക്കുവാൻ വശമുള്ള ഭാരതീയരുടെ സംഖ്യതന്നെ തുലോം തുച്ഛമാണെന്നു പറയുന്നതു് ഒരുപക്ഷേ കുറെ സാഹസമായേക്കാം. എങ്കിലും പരമാർത്ഥമതാണ്. ഇത്ര കഷ്ടപ്പെട്ടു പഠിച്ചിട്ടും മററുരാജ്യങ്ങളിലെപ്പോലെ

ശാസ്ത്രകാരന്മാർ നമ്മുടെ രാജ്യത്തുണ്ടാകുന്നില്ല, അതു വിദ്യാഭ്യാസത്തിൻെറ ദോഷംകൊണ്ടാണെന്നു പറയേണ്ടിയിരിക്കുന്നു. പ്രാചീനകാലത്തുണ്ടായിരുന്ന വിദ്യാഭ്യാസസമ്പ്രദായത്തെ യഥാകാലം പരിഷ്കരിച്ച് ആ രീതിയിൽത്തന്നെ വിദ്യാഭ്യാസം നാം തുടൎന്നു വന്നിരുന്നുവെങ്കിൽ എത്ര ശങ്കരാചാൎയ്യന്മാർ നമ്മുടെയിടയിൽ ഉണ്ടാകുമായിരുന്നു. നാം ഒരു സി. വി. രാമനെക്കൊണ്ടോ ഒരു ജേ. സി. ബോസിനെക്കൊണ്ടോ സംതൃപ്തന്മാരാകേണ്ടിവന്നിരിക്കുന്നതു വിദ്യാഭ്യാസത്തിൻെറ വിശേഷം കൊണ്ടല്ലാതെ മററെന്തുകൊണ്ടാണ്?

നമ്മോടടുത്ത ബന്ധമുള്ളതും നമുക്കു നാനാവിധത്തിൽ രസപ്രദവുമായതു മാതൃഭാഷതന്നെയാണ്. അതിനാൽ ആ ഭാഷമുഖാന്തിരമുള്ള വിദ്യാഭ്യാസമാണു നമുക്കു കൂടുതൽ പ്രയോജനപ്രദമായിത്തീരുക. അതുകൊണ്ടു സൎവ്വഥാ പ്രാധാന്യം നൽകേണ്ടതു മാതൃഭാഷക്കുതന്നെയാണ്. ദ്വിതീയസ്ഥാനം മാത്രമേ അന്യഭാഷകൾ കൊടുക്കുവാൻ പാടുള്ളു. എന്നാൽ മാത്രമേ പാരമ്പൎയ്യസിദ്ധമായ നമ്മുടെ സംസ്കാരം നിലനിൎത്തിക്കൊണ്ടുപോകുവാനും ജീവിതരീതിക്കും പരിതഃസ്ഥിതികൾക്കും അനുരൂപമായ യഥാൎത്ഥ വിദ്യാഭ്യാസം ലഭിക്കുവാനും ഇടയുണ്ടാകുകയുള്ളൂ.

മററു രാജ്യക്കാരെപ്പോലെതന്നെ ഭാരതീയൎക്കും സ്വാതന്ത്ര്യബോധം ഉദിച്ചുയൎന്നതോടുകൂടി അവരും വിദ്യാഭ്യാസവിഷയത്തിൽ കണ്ണുതുറന്നു നോക്കുവാൻ തുടങ്ങിയിട്ടുണ്ട്. അതിൻെറ ചില സൽഫലങ്ങളും അവിടവിടെ സംജാതമായിത്തുടങ്ങിയിട്ടുണ്ടെന്നുതന്നെ വേണം പറയുവാൻ.

കാശി ഹിന്ദു സൎവ്വകലാശാലയിൽ പ്രാഥമികവിദ്യാഭ്യാസമുൾപ്പെടെ സകല വിഷയങ്ങളും അവിടത്തെ മാതൃഭാഷയായ ഹിന്ദിയിൽ തന്നെ പഠിപ്പിക്കണമെന്നാണു നിയമം. കൽക്കട്ടാ സൎവ്വകലാശാലയിലും ഇൻറർമീഡിയററുവരെയുള്ള വിദ്യാഭ്യാസം തദ്ദേശീയമാതൃഭാഷയായ ബംഗാളിയിൽത്തന്നെ നിൎവ്വഹിക്കപ്പെടണമെന്നും വ്യവസ്ഥയുണ്ടത്രേ. ബി. എ. ക്ലാസിലും ബംഗാളിൽത്തന്നെ അദ്ധ്യാപനം നടത്തുന്നതിനുള്ള ഏൎപ്പാടും താമസിയാതെ നടപ്പിൽ വരുന്നതാണ്. ആ ക്ലാസ്സിലേക്കു വേണ്ട ഗ്രന്ഥങ്ങൾ നിൎമ്മിക്കുവാൻ അധികൃതന്മാർ വിദഗ്ദ്ധന്മാരെ ഭരമേല്പിച്ചിട്ടുണ്ട്. ഉസ്മാനിയാ സൎവ്വകലാശാലയിൽ ഉർദ്ദുഭാഷയ്ക്കും ആന്ധ്രസൎവ്വകലാശാലയിൽ തെലുങ്കിനും ആണു പ്രാധാന്യം നൽകിയിരിക്കുന്നതു്.

ഇനി, മദിരാശി സൎവ്വകലാശാലയിലേയും വിശിഷ്യ, കേരളത്തിലേയും സ്ഥിതിഗതികൾ എന്താണെന്നു നോക്കാം. മലയാളവും തമി

തമിഴും കർണ്ണാടകവുമാണ മദിരാശിസംസ്ഥാനത്തിലെ പ്രധാന ഭാഷകഠം. ഇവിടെ മാതൃഭാഷാമുഖേനയുള്ള വിദ്യാഭ്യാസം നടപ്പിൽ വരുത്തേണ്ട കാലം ആസന്നമല്ല, അതിക്രാന്തംതന്നെയായിരിക്കുന്നു. ഇപ്പോഠം ഇവിടെ അതിനുള്ള ചില ആരംഭക്രിയകളെല്ലാം തുടങ്ങിവച്ചിട്ടുണ്ടെന്നു കഷ്ടിച്ചു പറയാമെന്നുള്ള ദിക്കായിട്ടുണ്ട്.

നാട്ടുഭാഷ മുഖാന്തിരമുള്ള വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിന് ആദ്യം ചില പ്രായോഗികവൈഷമ്യങ്ങഠം നേരിടുന്നതാണ്. ഉയന്ന ക്ലാസ്സുകളിലെ ആവശ്യത്തിനു ശാസ്ത്രീയഗ്രന്ഥങ്ങഠം സമ്പാദിക്കുന്ന കാൎയ്യത്തിലുള്ള പ്രയാസം ചില്ലറയൊന്നുമല്ല. ഈ വിഷമതകളെല്ലാം മേൽപ്പറഞ്ഞ എല്ലാ ഭാരതീയസൎവ്വകലാശാലകഠംക്കും നേരിടുന്നതാണ്. തത്താദൃശങ്ങളായ പ്രതിബന്ധങ്ങളെയെല്ലാം അവർ നിഷ്പ്രയാസം തരണംചെയ്തു. "ആവശ്യകത സൃഷ്ടിയുടെ മാതാവാണ്" (Necessity is the mother of invention) എന്നുള്ള പരമാൎത്ഥം അവർ സപൌരുഷം തെളിയിച്ചു. അതുപോലെ, കേരളീയരായ നമുക്കും പ്രയത്നിച്ചാൽ സാധിക്കാതെ വരികയില്ല. നിശ്ചയംതന്നെ. ആദ്യം നേരിടുന്ന വിഷമതകളെയെല്ലാം നാം സസന്തോഷം സഹിക്കുകതന്നെ വേണം. ഒന്നോ രണ്ടോ ദിവസംകൊണ്ടു നമുക്കു മററുള്ളവരോടൊപ്പമാകുവാൻ സാധിക്കുകയില്ല. അതിനു ചില വത്സരങ്ങഠംതന്നെ ആവശ്യമായി വന്നേക്കും: അതിൽ നാം ഒട്ടും നിരാശരാകരുത്. "റോമാപ്പട്ടണം ഒരു ദിവസം കൊണ്ടല്ല നിൎമ്മിച്ചതു്" (Rome was not built in a day) എന്നുള്ള ഇംഗ്ലീഷുകാരുടെ പഴഞ്ചൊല്ലു നാം ഈ അവസരത്തിൽ ഓക്കേണ്ടതാണ്. മാതൃഭാഷാമുഖേനയുള്ള വിദ്യാഭ്യാസം കേരളീയൎക്ക് അസാദ്ധ്യമല്ലെന്നു തിരുവിതാംകൂർരാജ്യംതന്നെ വിളിച്ചുപറയുന്നു. മലയാളം ഒമ്പതാംക്ലാസ്സു പരീക്ഷയായ ഹയർ പരീക്ഷക്കു രസതന്ത്രം, പ്രകൃതിശാസ്ത്രം, ഗണിതം, കൃഷിശാസ്ത്രം മുതലായ വിഷയങ്ങളെല്ലാം മലയാളത്തിലാണു പഠിപ്പിക്കുന്നതു്. ആവശ്യം നേരിട്ടപ്പോഠം ഗ്രന്ഥങ്ങളുമുണ്ടായി. ഈ കാൎയ്യത്തിൽ ഗ്രന്ഥദൌൎല്ലഭ്യം ഒരു പ്രതിബന്ധകമായി നില്ക്കുമെന്നു പറയുവാൻ നിവൃത്തിയില്ല. നമ്മുടെ കൊച്ചിസംസ്ഥാനത്തു് ഇപ്പോഠം ലോവർസെക്കണ്ടറി ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങളും മലയാളത്തിലല്ലേ പഠിപ്പിച്ചുവരുന്നതു്. ആവശ്യം നേരിട്ടപ്പോഠം ഗ്രന്ഥങ്ങളെല്ലാം വേഗത്തിൽ ഉണ്ടായിക്കഴിഞ്ഞു. പക്ഷേ, ഇവിടെ ചില ബാലികാപാഠശാലകളിൽ പ്രസ്തുത നിയമം നടപ്പിൽ വന്നുകാണുന്നില്ല. തദ്ധാരവാഹികളെ ഇക്കാൎയ്യത്തിൽ ഗവമ്മെൻറ് നിൎബ്ബന്ധിക്കാത്തതു വളരെ കഷ്ടമാണ്. ഉയന്ന ക്ലാസ്സുകളിൽക്കൂടി ഈ അദ്ധ്യാപനസമ്പ്രദായം കാലക്രമത്തിൽ ഗവമ്മെൻറു നടപ്പിൽ വരുത്തുമെന്നു നമുക്കു വിശ്വസിക്കാം.

നമ്മുടെ മാതൃഭാഷയായ മലയാളത്തിനു ശരിയായ അഭിവൃദ്ധിയും വികാസവും വരണമെങ്കിൽ ഒരു കേരളസൎവ്വകലാശാല സ്ഥാപിതമാകണം. അപ്പോൾ മലയാളഭാഷയുടെ അവശതകൾ പരിഹരിക്കപ്പെട്ടുമെന്നു നമുക്കു പ്രത്യാശിക്കാം. ഭാസുരമായ ഒരു ഭാവി നമ്മുടെ മാതൃഭാഷയായ മലയാളത്തിന് ഉണ്ടാകുവാൻ ജഗദീശൻ കടാക്ഷിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടു് ഈ ഉപന്യാസത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

# വികൃതപ്രയോഗങ്ങൾ.

(ഗവേഷകൻ)

ഭാരതമാതാവിൻെറ സന്താനങ്ങൾ വിദേശവേഷം ധരിച്ചു പുതിയരൂപത്തിൽ പുറപ്പെടുമ്പോൾ പല വിധത്തിലും പരിഹാസപാത്രമാവാറുണ്ടു്. ഭാഷയുടെ കാൎയ്യത്തിലും വിദേശപ്പകൎച്ചകൊണ്ടു വികൃതികൾ വന്നുകൂടുന്നതു സാധാരണയാണു്. സംസ്കൃതത്തിലും ഹിന്ദി മുതലായ ദേശഭാഷകളിലുമുള്ള ശബ്ദങ്ങൾ ഇംഗ്ലീഷിൽ പകൎത്തിയതിനുശേഷം രണ്ടാമതും നാട്ടിലേക്കു വരുമ്പോഴത്തെ വികൃതികളിൽ ചിലതു താഴെ വിവരിക്കാം.

വ്യാപാരമുടക്കം എന്നൎത്ഥത്തിലുള്ള 'ഹർതാൽ' എന്ന ഹിന്ദി ശബ്ദം ഇംഗ്ലീഷുമൂശയിൽ വാൎത്തെടുത്തപ്പോൾ 'ഹാർട്ടൽ' ആയി പരിണമിച്ചു. 'ലാഠി' ഇംഗ്ലീഷിൽ പ്രവേശിച്ചു മലയാളരാജ്യത്തിലേക്കു തിരികെ വരുമ്പോഴേക്കു 'ലാത്തി'യായി മാറിപ്പോയി. എന്നാൽ ഈ വികാരങ്ങളിൽ അൎത്ഥലോപം വന്നിട്ടില്ല. ഇവയെ മലയാളത്തിലെ തത്ഭവങ്ങളുടെ കൂട്ടത്തിൽ ഗണിപ്പാനും വൈഷമ്യമുള്ളതല്ല.

'കൃഷ്ണാകാന്ത'നും 'രമാകാന്ത'നും രൂപംമാറി 'കൃഷ്ണകണ്ഠ'നും 'രാമ്കണ്ഠ'നും ആയപ്പോൾ അൎത്ഥം നശിച്ചു. 'രമേശ'ൻ ഇംഗ്ലീഷുവേഷം ധരിച്ചു മലയാളത്തിൽ കടക്കുമ്പോൾ 'രാമേശ'നായി കാണാറുണ്ടു്. രാമനു് ഈശൻ ചേൎച്ചയില്ല; രാമന്മാൎക്കു് എല്ലാം ഈശൻ ആവശ്യവുമാണു്. പക്ഷെ പ്രത്യേകത അസ്തമിക്കും എന്നുമാത്രം.

കാദംബരിയിലെ 'അച്ഛോദം'—ആ രമണീയമായ നിൎമ്മലജലമുള്ള മഹാസരസ്സു്—അച്ഛോഡയായിത്തീൎന്നപ്പോൾ വളരെ ശുഷ്കവും നീരസവുമായി. കഷ്ടംതന്നെ. 'തരളിക' 'താരാലേഖയായതു' പക്ഷെ സമൎത്ഥിപ്പിക്കാം. പത്രലേഖയും മദലേഖയും ലേഖകളായ സ്ഥിതിക്കു താരാലേഖ തരക്കേടില്ലാത്തതാണു്. 'കുംഭകൎണ്ണേ ഭകാരോസ്തി ഭകാരോസ്തി വിഭീഷണേ! രാക്ഷസാനാം കുലശ്രേഷ്ഠോ രാഭണോ നതു രാവണഃ' എന്നുണ്ടല്ലൊ.

'സ്ഫടികചക്രവൎത്തി'യുടെ കഥ ഇതിലധികം പരുങ്ങലാണു്. അയാളുടെ സ്വഭാവനൈൎമ്മല്യം അസ്തമിച്ചുതന്നെ പോയി. ഹിന്ദി, ബംഗാളി മുതലായ ദേശഭാഷകളിൽ സംസ്കൃതവാക്കുകളിലെ ഊഷ്മാക്ഷരം ലോപിപ്പിക്കാറുണ്ടു്. ആ വിധത്തിൽ ആദ്യം സ്ഫടികം 'ഫടിക്' എന്നു മാറി. ഇംഗ്ലീഷിൽ പകൎന്നപ്പോൾ 'Phatik' എന്നായി. പിന്നെ മലയാളത്തിലേക്കുള്ള വരവു് ഫ്ാതികനായിട്ടാണു്. അൎത്ഥം ശൂന്യം.

വാതികൻ ആവാതെ കഴിഞ്ഞതു ഭാഗ്യം. വാതികൻ കമ്പക്കാരനാണ്.

'ജയമല്ലൻ' മലയാളത്തിൽ വരുമ്പോൾ ഇത്ര കോട്ടം പററിയില്ല. മല്ലനല്ലെങ്കിലും 'ജയമൂല'നായിത്തീൎന്നിരിക്കുന്നതിനാൽ ജയത്തിന്നും ആയാൾക്കും ചാൎച്ചയില്ലാതായി കലാശിച്ചിട്ടില്ല. അവസാനത്തെ അകാരം ലോപിപ്പിക്കുന്ന ഹിന്ദീശബ്ദത്തെ 'Mul' എന്നു് ഇംഗ്ലിഷിൽ കണ്ടതു വായിച്ചപ്പോൾ മൂല് ആയിപ്പോയതാണ്.

'സരസ്വതിമഹല്' എന്ന തഞ്ചാവൂരിലെ ഗ്രന്ഥമന്ദിരം കൊച്ചിഭൂമിശാസ്ത്രത്തിലെത്തിയപ്പോഴക്കും 'സരസ്വതീമാല'യായി വീണിട്ടുണ്ട്. മഹല് എന്നതു പ്രാസാദം. മാലയും സരസ്വതിക്കു ചേരാത്തതല്ല.

മേവാർ ചരിതത്തിലെ 'പന്ന' (മരതകമണി) 'ഹീര'യായപ്പോൾ സ്ത്രീത്വം പോയോ എന്നൊരു ശങ്ക. ഹീരശബ്ദം പുന്നാമധേയമായിട്ടാണു അധികം പ്രചരിച്ചു കാണുന്നതു്. എങ്കിലും ആ സ്ത്രീരത്നത്തിൻെറ അസാമാന്യധൈൎയ്യം പ്രകാശിപ്പിപ്പാൻ 'ഹീര'ശബ്ദം സഹായിക്കുന്നതായി സമാധാനിക്കാം.

ഒരു കാൎയ്യംകൂടിപ്പറവാനുണ്ടല്ലോ. നമ്മുടെ നാമധേയം, അതെ ഗവേഷകശബ്ദംതന്നെ, അസാധുവാണെന്നു് ഒരു സാഹിത്യപരിഷത്തിൽ വെച്ചു മഹാനായ ഒരാൾ പ്രസ്താവിച്ചുവത്രെ. ഞാൻ പരിഭ്രമിച്ചു. പാണിനിയോടുതന്നെ ചോദിക്കണമെന്നുറച്ചു. അതെങ്ങനെ സാധിക്കും? ഒടുവിൽ അതു സാധിക്കാതെ അദ്ദേഹത്തിൻെറ ധാതുപാഠം നോക്കി. എൻെറ പേരു് അതുപ്രകാരം സാധുവാണെന്നും ആ പറഞ്ഞ മഹാനും എൻെറ പേരുപോലെതന്നെ 'സാധു'വാണെന്നും മനസ്സിലാക്കി.

# ധനവും സമുദായവും

(തുടർച്ച)

ആധുനികസമത്വവാദി തയ്യാറാണ് മനുഷ്യന്റെ ബലഹീനതകൾ വക വച്ചുകൊടുക്കുവാൻ. അയാൾ സമ്മതിക്കുന്നു ധനത്തെ തുല്യമായി വിഭജിക്കുവാൻ സാദ്ധ്യമല്ല, അതു അഭിലഷണീയമല്ല എന്ന്. പരിതസ്ഥിതികളെ അനുസരിച്ച് അല്പാല്പം വിട്ടുവീഴ്ചകൾ ചെയ്യുവാൻ അയാൾ ഒരുക്കമാണ്. ആയാളുടെ ആദർശസമുദായം ചില അസമത്വങ്ങൾ സ്വീകരിക്കുന്നതിൽ വൈമുഖ്യം പ്രദർശിപ്പിക്കുന്നില്ല. പക്ഷെ ഈ അസമത്വം ക്ലിപ്തമായിരിക്കും:— ഭൂമിയുടേയും വ്യവസായോല്പന്നങ്ങളുടേയും ഉടമസ്ഥൻ ഗവമ്മേണ്ടായിരിക്കുന്നതാണ്. രാജ്യസേവകനായ ഓരോ പൌരനും ഗവമ്മേണ്ടിൽനിന്നു വേതനം പററുന്നതാണ്. ആ വേതനം ഗവമ്മേണ്ടു നിർമ്മിക്കുന്ന പദാർത്ഥങ്ങൾ വാങ്ങുന്നതിന്നായി തന്നെ അയാൾ വിനിയോഗിക്കുന്നതാണ്. ഇങ്ങനെയായാൽ വ്യവസായനേതാക്കന്മാരുടെ (Captains of industry) ഭീമമായ ആദായം ഇല്ലാതാകുന്നു. എന്തുകൊണ്ടെന്നാൽ ഗംഭീരങ്ങളായ വ്യവസായസ്ഥാപനങ്ങൾ അല്പം പ്രതിഫലം വാങ്ങുന്ന ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ നിയന്ത്രിക്കുന്നതാണ്.

ഇങ്ങനെയുള്ള ഒരു സമുദായത്തിന്റെ രൂപീകരണത്തിൽ സദാചാരവിരുദ്ധമായോ, വിപ്ലവകരമായോ യാതൊന്നും തന്നെയില്ല. ഇപ്പോൾ തന്നെ സമുദായം അതിലെ അംഗങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ പലവിധത്തിലും തടയുന്നുണ്ട്. അതു സ്വകാര്യസ്വത്തുക്കളെ പലപ്പോഴും പൊതുസൌകര്യത്തിന്നായി പൊതുസ്വത്തുക്കളായി മാററാറുണ്ട്. വ്യവസായശാലകളുടെ നടത്തിപ്പിനെ നിയന്ത്രിക്കാറുണ്ട്. നികുതിയുടെ രൂപത്തിൽ ധനികന്മാരുടെ കൈയിൽ നിന്നും വലിയ ഒരു സംഖ്യ വാങ്ങി സാധുക്കൾക്ക് അധികം ഉപയോഗപ്രദമായ കാര്യങ്ങളിൽ വിനിയോഗിക്കാറുണ്ട്. ഗവമ്മേണ്ടിന് എന്തുകൊണ്ട് ഇപ്പോൾ നടക്കുന്നവഴിയിൽക്കൂടി കുറെക്കൂടി ദൂരം നടന്നുകൂടാ എന്നാണു വാദം. ഇതിൽ പുതിയ തത്വങ്ങൾ യാതൊന്നുമില്ല.

പക്ഷേ, സാമാന്യമായ ചില വാദമുഖങ്ങൾ പുറപ്പെട്ടുവിക്കാറുണ്ട്. ഒരു പൊതുസ്ഥാപനത്തേക്കാൾ ഒരു വ്യക്തി ഉടമസ്ഥന്റെ കീഴിൽ തൊഴിൽക്കാർ അധികം പ്രവൃത്തിചെയ്യുന്നു. ഭയങ്കരമായ മത്സരങ്ങളോടു പൊരുതി വിജയിയായ ഒരു വ്യവസായപട്ടുവിനെപ്പോലെ ഒരു ഗവമ്മേണ്ടിനു ശ്രദ്ധയോ ത്രാണിയോ ഉണ്ടാകുന്നതല്ല. ഈമാതിരി വാദങ്ങളെല്ലാം മനശ്ശാസ്ത്രപരമായി പരിശോധിച്ച് അനുഭവ

ത്തോടുകൂടി തട്ടിച്ചുനോക്കേണ്ടതാണ്. എന്നാൽ ഇവിടെ പരിഗണിക്കേണ്ടതു് വ്യവസായങ്ങളുടെ ഗവർമ്മേണ്ടുനിയന്ത്രണം അധികം ആദായകരമാണോ എന്നുള്ളതല്ല, ഒരു സാധാരണന്നു ശരാശരി ലഭിക്കുന്ന ആദായം വൎദ്ധിപ്പിക്കുമോ എന്നുള്ളതാണ്.

വ്യവസായലോകത്തിൽനിന്നും സ്വകാൎയ്യസ്ഥാപനങ്ങളെ ഉന്മൂലനം ചെയ്യുന്നതായാൽ ഓരോരുത്തനും കിട്ടുന്ന ആദായം വൎദ്ധിക്കുമോ എന്ന കാൎയ്യം മിക്ക ധനശാസ്ത്രജ്ഞന്മാരും സംശയിച്ചിട്ടുള്ളതാണ്. മൂലധനവ്യവസ്ഥ തകൎത്തുകളയാമെന്നു് ഇന്നു് ആരും സ്വപ്നത്തിൽക്കൂടി വിചാരിക്കുന്നതല്ല. എവിടെ ഭാവിയിൽ ഉപയോഗിക്കുവാനായി ധനം മിച്ചമുണ്ടാക്കുന്നുവോ അവിടെയെല്ലാം മൂലധനം (capital) ഉണ്ടാകുന്നു. മൂലധനവ്യവസ്ഥയുടെ അസ്തമനം ലോകത്തിനൊട്ടാകെ പട്ടിണിയേയും, പരിഷ്കാരത്തിന്റെ അധഃപതനത്തേയുമാണ് പ്രഖ്യാപനം ചെയ്യുക. ഉന്മാദമുള്ളവരല്ലാതെ, വാസ്തവത്തിൽ, ആരും മൂലധനവ്യവസ്ഥയെ ഇല്ലായ്മചെയ്വാൻ ആഗ്രഹിക്കുന്നതല്ല. കളക്റ്റിവിസ്റ്റുകൾ മൂലധനത്തെയല്ല അതിന്റെ സ്വകാൎയ്യ ഉടമസ്ഥാവകാശത്തെയാണു പഴിക്കുന്നതു്. ആധുനിക വ്യവസായ സ്ഥാപനങ്ങളുടെ അടിസ്ഥാനമായ ഈ ഉടമസ്ഥാവകാശത്തെ കുററംപറയുന്നതു് ഓരോ സമയത്തെ കാലാവസ്ഥയെ കുററംപറയുന്നതുപോലെയാണ്. എങ്കിലും ചിന്തിക്കേണ്ട ഒരു പ്രശ്നമാണിതു്. വ്യവസായം രാഷ്ട്രീയമാക്കിയാൽ ഓരോരുത്തന്റേയും ശരാശരി ആദായം വൎദ്ധിക്കുന്നതാണോ?

സ്വകാൎയ്യസ്വത്തുക്കളുടെ സ്ഥാപനത്തിൽ പല ന്യൂനതകളുണ്ടു്; എന്നാൽ നിശ്ചയമായും അതിനു പല ഗുണങ്ങളുമുണ്ടു്. ആർതർയങ്ങ് (Arthur Young) പറയുന്നു "സ്വകാൎയ്യസ്വത്തുക്കൾ മണ്ണിനെ പൊന്നാക്കുന്നു." ഓരോരുത്തനും സ്വന്തം എന്നു പറയുവാൻ എന്തെങ്കിലും ഉണ്ടാകണമെന്നു ആഗ്രഹം സൂചിപ്പിക്കുന്നു. ഈ സ്ഥാപനം വേരൂന്നിയിരിക്കുന്നതു നമ്മുടെ മനസ്ഥിതിയിലാണ്, അതു സാമ്പത്തിക പ്രയത്നത്തിനു പ്രേരകമാണ് എന്നു്. അങ്ങിനെയിരിക്കെ സ്വകാൎയ്യസ്ഥാപനങ്ങൾകൊണ്ടു ലഭിക്കാവുന്ന ഗുണങ്ങൾ മുഴുവനും കിട്ടുന്നതിനു മുമ്പിൽ എന്തിനാണ് അതിനെ ഉടച്ചുതകൎക്കുന്നതു്? ഒരു വ്യവസായത്തിൽ സൎവ്വ അവകാശവും ഒരാൾക്കു കൊടുക്കുന്ന വ്യവസ്ഥ നിൎത്തൽ ചെയ്യേണ്ടതു് ആവശ്യമാണ്. പ്രത്യേക അവകാശങ്ങൾ തടയേണ്ടതാണ്. ഏതെങ്കിലും വിധത്തിൽ സ്വകാൎയ്യസ്ഥാപനങ്ങൾ സമുദായത്തിനു ദോഷകരമായി വൎത്തിക്കുകയാണെങ്കിൽ അതു തടഞ്ഞു നിൎത്താവുന്നതാണ്. പക്ഷെ നമ്മുടെ അന്തരമായ ഉദ്ദേശം ഹാനികരമായ ദുശ്ശീലവുകളെ നീക്കം ചെയ്യുകയാണെങ്കിൽ സാമ്പത്തികമായി പല ഗുണ

ങ്ങളുമുണ്ടെന്നു കണ്ടിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളെ ഇല്ലായ്മചെയ്യുന്ന തെന്തിനാണ്? ലഹരിപദാർത്ഥങ്ങളുടെ വ്യാപാരം ഗവമ്മേണ്ടു കയ്യേൽ ക്കുന്നതുകൊണ്ടു മാത്രമേ അതിൻെറ ഉപയോഗം നിയന്ത്രിക്കുവാൻ സാധി ക്കുകയുള്ളു? ഖനികളുടെ ഗവർമ്മേണ്ടു നിയന്ത്രണംകൊണ്ടു മാത്രമേ തൊഴിൽക്കാക്കു ശരിയായ കൂലികൊടുക്കുവാൻ കഴിവുള്ളു? ഭൂമിയുടമ സ്ഥാവകാശം ഗവർമ്മേണ്ടിന്നായാൽ മാത്രമേ കൃഷി പോഷിക്കുകയുള്ളു? രാജ്യത്തിൻെറ അഭിവൃദ്ധിക്കു നിദാനമായ ആദായത്തിനു ന്യൂനത സംഭ വിക്കാത്ത മാർഗ്ഗങ്ങളിൽക്കൂടിയാണു പറയപ്പെടുന്ന ദോഷങ്ങളെ പരിഹരി ക്കേണ്ടതു്.

എന്നാൽ ജനസംഖ്യയുടെ വളച്ചയെ നിയന്ത്രിക്കാതെ ഈ പരി ഹാരമാർഗ്ഗങ്ങൾ പ്രയോഗിക്കുന്നതുകൊണ്ടുമാത്രം മനുഷ്യസമുദായത്തിൻെറ കഷ്ടതകൾ നീങ്ങിയെന്നു വിശ്വസിച്ചിരിക്കുവാൻ തരമില്ല. ചില പ്രത്യേ കസമുദായങ്ങളിൽ അല്ലെങ്കിൽ ഒരു സമുദായത്തിൻെറ ജീവിതത്തിലെ ചില പ്രത്യേകഘട്ടങ്ങളിൽ ഈ നിയന്ത്രണം അനാവശ്യമായിരിക്കാം പക്ഷെ, ഒരു രാജ്യത്തിൻെറ ക്ഷേമത്തിനാവശ്യമായ പരിതഃസ്ഥിതികളെ പരിഗണിക്കുമ്പോൾ ജനസംഖ്യയുടെ പ്രശ്നം അവഗണ്യമല്ല. ഒരു സമു ദായത്തിലെ ചുറുചുറുക്കും, ബുദ്ധിശക്തിയും അധികമുള്ള ഒരു വർഗ്ഗത്തി ൻെറ സംഖ്യ ക്ഷയിക്കുന്നതോടുകൂടിതന്നെ, പ്രവർത്തനശക്തി കുറഞ്ഞ ഒരു വർഗ്ഗത്തിൻെറ വർദ്ധനയും ഉണ്ടാകുന്നതായാൽ ആ സമുദായം അധഃപ തിക്കുന്നു. നിരവധികാലത്തെ പരിശ്രമംകൊണ്ടു സാധിച്ചിട്ടുള്ള പരി ഷ്കാരങ്ങൾ വേഗത്തിൽ ഉടഞ്ഞുപോകുന്നു.

അതുപോലെതന്നെ, വ്യവസായകേന്ദ്രമായ ഒരു രാജ്യത്തിലെ കയററുമതിവ്യാപാരത്തിന്ന് ഉടവുതട്ടുന്നതായാൽ ആ രാജ്യത്തിനു ജന സംഖ്യ കുറക്കുകയോ ജീവിതരീതിയെ താഴ്ത്തുകയോ ചെയ്യേണ്ടിവരുന്ന താണ്. നിശ്ചയമായും, ജനസംഖ്യയുടെ ക്രമീകരണത്തിനു നമുക്കു പ്രകൃ തിശക്തിയെ അവലംബിക്കാം; എന്തുകൊണ്ടെന്നാൽ ക്ഷാമവും പകച്ച വ്യാധികളും ഒരു രാജ്യത്തും വളരെ അകലത്തല്ല. പക്ഷെ, അനുഭവം സമ്മതിക്കുന്നില്ല, പ്രകൃതി, കൃത്യമായി ലോകത്തിലെ ധനത്തേയും ഉപ ഭോക്താക്കളേയും ഓരോരുത്തനും സുഭിക്ഷമാകത്തക്കവിധത്തിൽ ക്രമീ കരിക്കുമെന്നു വിശ്വസിക്കുവാൻ.

സുഖസിദ്ധിക്കാണു ധനം. പക്ഷെ ധനവും സുഖവും ഒന്നാ ണെന്നോ, ധനവും സുഖവും തമ്മിൽ നേരിട്ടു വല്ല ബന്ധവുമുണ്ടെന്നോ പറയുവാൻ സാധിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ സൌഖ്യം പല പ്പോഴും പാഴ്ക്കുടിലിലാണു കണ്ടുവരുന്നതു്. പക്ഷെ ധനം സുഖസമ്പാ

ദനത്തിനുള്ള ഒരു മാൎഗ്ഗമാണെങ്കിൽ മാത്രമേ അതു കൈവശം വെക്കുന്നതിൽ വല്ല അൎത്ഥമോ ഉദ്ദേശമോ ഉള്ളൂ.

സത്യമായും മാനമായും സമ്പാദിച്ച ധനം കൈവശംവെക്കുന്നതിൽ സമത്വവാദികൾ വിരോധിക്കുന്നില്ല. സമത്വവാദത്തിനു വിരോധമായിട്ടുള്ളതു് അതിന്റെ ദുരുപയോഗംമാത്രമാണു്. ആധുനികവ്യവസായികലോകത്തിൽ വൎഗ്ഗീയമത്സരം ക്രൂരമൂലമായിക്കഴിഞ്ഞിരിക്കുന്നു. മുതലാളികൾ ധനം എത്ര നല്ല കാൎയ്യത്തിനു വിനിയോഗിച്ചാലും നിയമവിരുദ്ധമായ, സമുദായത്തിനു് ഉപദ്രവകരമായ വിധത്തിലാണു വിനിയോഗിക്കുന്നതെന്നു 'കിംവദന്തി'യുണ്ടാകുന്നു. ഒരു വ്യാപാരസംഘം, അതിന്റെ കീഴിൽ ജോലിചെയ്യുന്ന ബാലകന്മാരുടെ ആവശ്യത്തിന്നായി ഒരു വിദ്യാലയം സ്ഥാപിക്കുന്നതായാൽ അതിനെ വ്യാഖ്യാനിക്കുകയായി വേലക്കാരുടെ മനസ്സിൽ അടിമത്തം കുത്തിവെക്കുകയാണെന്നു്. അവർ വേലക്കാരുടെ കഷ്ടപ്പാടുകൾ അന്വേഷിച്ചറിയുവാനായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതായാൽപോലും ഇതുപോലുള്ള ദുഷ്പ്രവാദങ്ങൾ കേൾക്കാകുന്നതാണു്.

തൊഴിലാളികളും മുതലാളികളും തമ്മിലുള്ള വഴക്കുകൾ തീൎക്കുവാൻ, മുതലാളികളിൽ ഒരു ഉത്തരവാദിത്വബോധവും, തൊഴിലാളികളിൽ സഹകരണബോധവും സൃഷ്ടിക്കുന്നതുകൊണ്ടു മാത്രമേ സാധിക്കുകയുള്ളു.

പക്ഷെ, തൊഴിലാളികളിൽ ഇങ്ങനെയുള്ള ഒരു സഹകരണബോധം ഉളവാക്കുന്നതു് എങ്ങിനെയാണു്?

ഉടമസ്ഥൻ കാൎയ്യങ്ങൾ മുഴുവനും തുറന്നു പറയട്ടെ, ചിലർ വാദിക്കുന്നു. തൊഴിലാളികളെ അയാൾ അറിയിക്കട്ടെ; കമ്പനിയുടെ തല്ക്കാലസ്ഥിതി, ചിലവുകൾ, മത്സരത്തെ ഭയപ്പെടേണ്ട സ്ഥലങ്ങൾ, അതിന്റെ ലാഭചേതങ്ങൾ, അവർ വാസ്തവസ്ഥിതി അറിയുമ്പോൾ ന്യായമായ ആവശ്യങ്ങൾ മാത്രമേ അവകാശപ്പെടുകയുള്ളൂ. കുഴപ്പങ്ങൾ സംശയത്തിന്റെ ഫലങ്ങളാണു്. സംശയം ജനിക്കുന്നതു് അജ്ഞാനത്തിൽനിന്നാണു്. അജ്ഞാനം നീക്കുക, വിശ്വാസം താനെ വന്നുകൊള്ളും. താൻ ഏൎപ്പെട്ടിരിക്കുന്ന വ്യവസായത്തിലെ രഹസ്യങ്ങൾ എത്രത്തോളം ഒരു വേലക്കാരനെ അറിയിക്കുന്നുവോ, അത്രയും ബുദ്ധിപൂൎവ്വം, പ്രയത്നശീലത്തോടും, ഉത്സാഹത്തോടുംകൂടി അയാൾ പ്രവൃത്തി ചെയ്യുന്നു. മാത്രമല്ല കലഹങ്ങൾ വളരെ കുറയുന്നതുമാണു്. അവിതൎക്കിതമാണു് ഈ പരിഹാരമാൎഗ്ഗങ്ങളുടെ ഫലം. വ്യവസായാഭിവൃദ്ധിയുടെ അടിസ്ഥാനം സ്ഥിതിചെയ്യുന്നതു പരസ്പരസഹായത്തിന്മേലാണു്. തുറന്ന പെരുമാററംകൊണ്ടു മാത്രമേ അതു സാദ്ധ്യമാകയുള്ളൂ. 'വ്യാപാരം'

ഹെൻറിഫോർഡ് എഴുതുന്നു, "ലാഭത്തിനുള്ളതല്ല, സേവനത്തിനുള്ളതാണ്." മഹനീയമായ ഈ ആദർശം പ്രവൃത്തിപദ്ധതിയിൽ വരുന്നതായാൽ നിരവധി കുഴപ്പങ്ങൾ പരിഹരിക്കപ്പെടാവുന്നതാണ്. പ്രയത്നത്തെയല്ല മനുഷ്യൻ വെറുക്കുന്നത്, മനസ്സിനു യാതൊരു സന്ദേശവും കൊടുക്കാത്ത ഒരുതരം യാന്ത്രികചലനത്തെയാണ്. ഒരു വ്യവസായശാലയിലെ മുതലാളികൾക്കും തൊഴിലാളികൾക്കും തങ്ങൾ സമുദായസേവനമാണു ചെയ്യുന്നത് എന്ന ബോധം പ്രയത്നത്തിന്റെ ക്ലേശത്തിലെ പകുതിയും ഇല്ലാതാക്കുന്നതാണ്.

സാമുദായിക ദുരാചാരങ്ങൾ നിലനില്ക്കുന്നിടത്തോളം കാലം മര്യാദയോടുകൂടിയ പെരുമാററംകൊണ്ടോ, വിജ്ഞാനപരമായ ആദർശങ്ങൾകൊണ്ടോ ലോകം തൃപ്തിപ്പെടുന്നതല്ല. ആധുനികസാമ്പത്തികലോകത്തിൽ ഭയങ്കരങ്ങളായ രണ്ടു ന്യൂനതകളാണുള്ളത്: തൊഴിലിന്റെ അസ്ഥിരതയും, വിദ്യാഭ്യാസത്തിന്റെ അഭാവവും. ഒരു തൊഴിൽക്കാരനു് എപ്പോഴാണു തന്നെ പിരിച്ചുവിടുക എന്ന ഭയം എല്ലായ്പോഴും ഉണ്ടായിരിക്കുന്നതാണ്. തൊഴിൽ പോവുകയില്ലെന്നു് ഓരോരുത്തനും ബോദ്ധ്യമായാൽ വ്യവസായം പുഷ്ടിപ്പെടുന്നതാണ്. ഈ ബോദ്ധ്യം വ്യവസായത്തിന്റെ അന്തരിക്ഷത്തിൽനിന്നും സംശയത്തിന്റെ മേഘങ്ങളെ ദൂരീകരിക്കുന്നതാണ്. വേതനസമ്പാദകന്മാർക്കു് ആരോഗ്യവും, സുഖവും സംതൃപ്തിയും പ്രദാനംചെയ്യുന്നതാണ്. സമുദായത്തേയും ധനത്തേയും പററി പരാമർശിക്കുന്ന ഒരു ലേഖനത്തിൽ രണ്ടാമതായി സൂചിപ്പിച്ച ന്യൂനതയെപ്പററി അധികം വിപുലമായി പ്രസ്താവിക്കേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ചെറുപ്പക്കാരുടെ വിദ്യാഭ്യാസമില്ലായ്മ ആധുനികവ്യവസായജീവിതത്തിന്റെ ചളിപുരണ്ട ഒരു ഭാഗം മാത്രമാണ്. പാഠശാലകളിലേക്കയയ്ക്കേണ്ടുന്ന കാലത്തു് യുവാക്കന്മാരെ വ്യവസായശാലകളിലേക്കാണ് അയക്കുന്നതു് എന്നു മാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളു.

യുക്തിയെ ബഹുമാനിക്കുന്ന ഏതൊരു സമത്വവാദിയും സമ്മതിക്കുന്നതാണ് ആർജ്ജവം ഒരു ഗുണമാണെന്നു്. ആർജ്ജവംകൊണ്ടേ മൂലധനം ഉണ്ടാവുകയുള്ളു. മൂലധനമാണ് വ്യവസായത്തിന്റെ ജീവൻ എന്നു സർവ്വവിദിതമാണ്. സമത്വവാദി വിരോധിക്കുന്നതു ധാരാളിത്തമാണ്. ആർജ്ജവം തടയുമ്പോൾ ധാരാളിത്തം വർദ്ധിക്കുന്നു. അതുകൊണ്ടു് ആർജ്ജവത്തെ പോഷിപ്പിക്കേണ്ടതാണ്. ഇങ്ങനെ മിച്ചമുണ്ടാകുന്ന തുക വ്യവസായപോഷണത്തിനാണ് ഉപയോഗിക്കുന്നതു്. മൂലധനം കൊടുക്കുന്ന ആൾ സ്വാർത്ഥപരമായ ഉദ്ദേശത്തോടുകൂടിയാണെങ്കിലും സമുദായസേവനമാണു ചെയ്യുന്നതു്. അയാൾക്കു് ആദായം മുഴ

വനും ചിലവാക്കാമായിരുന്നു; അയാൾ മിച്ചമുണ്ടാക്കുകയാണു ചെയ്യുന്നത്. നിശ്ചയമായും മൂലധനം കൊടുക്കുന്ന ആൾ സമുദായത്തിലെ ഇത്തിക്കണ്ണിയല്ല; അയാൾ പ്രയത്നക്കാരുടേതിനേക്കാൾ എത്രയോ മഹത്തരമായ വിധത്തിൽ സമുദായസേവനം ചെയ്യുന്നവനാണ്.

മുതലാളി, ചിലർ ചോദിക്കുന്നു, മൂലധനം കൊടുക്കുന്നതല്ലാതെ വ്യവസായപോഷണത്തിന് എന്തു ശ്രമമാണ് ചെയ്യുന്നത്; തൊഴിലാളികളുടെ സ്ഥിതി എന്തെങ്കിലുമാകട്ടെ. അയാൾ ആദായത്തെ മാത്രം ആഗ്രഹിക്കുന്നു. ഈ നിലയ്ക്കു മുതലാളിത്തം ദോഷകരമാകാതിരിക്കുന്നതു് എങ്ങിനെയാണ്? അങ്ങിനെ വ്യവസായശാലകളിൽ സദാചാരബോധത്തിൻെറ അഭാവംകൊണ്ട് പലവിധത്തിലുള്ള കഷ്ടപ്പാടുകൾ വർദ്ധിക്കുന്നു. കൂലിവേലക്കാരൻ വിചാരിക്കുന്നു പൈശാചികമായ ദ്രോഹത്തിനു താൻ വിധേയനാകുന്നു, ന്യായമായ അവകാശങ്ങൾ ലഭിക്കുന്നില്ല, എന്ന്. ഈ മനസ്ഥിതിയുടെ ഫലമായി അയാൾ കഴിയുന്നിടത്തോളം കുറച്ചു മാത്രമേ വേല ചെയ്യുന്നുള്ളു. തൊഴിലിൻെറ അഭിമാനത്തിൻെറ അവസാന കണികകൂടി അദൃശ്യമാകുന്നു. അവിശ്വാസത്തിൻെറ വിഷം അന്തരീക്ഷത്തെ മലിനമാക്കുന്നു.

നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗമോ? നിയമവഴിക്കു പലിശനിരക്കു നിയന്ത്രിക്കുക; വേറൊരു ഭാഷയിൽ പറയുകയാണെങ്കിൽ ലാഭത്തെ ഇല്ലാതാക്കുക.

വ്യവസായങ്ങളിൽ എല്ലായ്പോഴും ലാഭം മാത്രമല്ല ഉണ്ടാവുക, ചിലപ്പോൾ ചേതവും ഉണ്ടായേക്കാം. വ്യവസായങ്ങൾ പ്രകൃത്യാതന്നെ പൊളിഞ്ഞുപോകുവാൻ എളുപ്പമുള്ളവയാണ്. അതുകൊണ്ട് അത്യാവശ്യമായ മൂലധനം കിട്ടേണമെങ്കിൽ വലിയ പലിശ കൊടുക്കേണ്ടിവരുന്നു. ഞങ്ങൾ വിശ്വസിക്കുന്നു, മൂലധനത്തിൻെറ സ്വതന്ത്രമായ പ്രവൎത്തനത്തെ തടയുന്നതായാൽ ഈമാതിരി നിബന്ധനകളില്ലാത്ത അന്യരാജ്യങ്ങളിൽ മൂലധനം ഇറക്കുവാൻ മൂലധനം കൊടുക്കുന്ന ആൾ നിർബ്ബന്ധിതനാകുന്നു. ഇങ്ങനെ മൂലധനം ഇതരരാജ്യങ്ങളിലേയ്ക്കു് ഒഴുകിത്തുടങ്ങുന്നതായാൽ വ്യവസായങ്ങൾ അധഃപതിച്ചുതുടങ്ങും. തൊഴിലിൻെറ ആവശ്യം കുറഞ്ഞുതുടങ്ങും. തൊഴിലില്ലായ്മ സൎവ്വത്ര വ്യാപിക്കും. തൽഫലമായി പരിഹരിക്കുവാൻ ഉദ്ദേശിച്ച ദോഷങ്ങൾ പൂൎവ്വാധികം ശക്തിമത്തായി പ്രചരിക്കുകയും ചെയ്യും.

ആധുനിക വ്യവസായഘടനയുടെ ജീവനായ ക്ലിപ്തം കമ്പനികൾ (Limited liability companies) കൂലങ്കഷമായ ചിന്തയെ അൎഹിക്കുന്നു. എളുപ്പത്തിൽ മൂലധനം കിട്ടുന്ന ഈ പുതിയ യന്ത്രം വേറെ

പ്രചോദനങ്ങൾക്കു കീഴ്പ്പെടാതിരിക്കുകയാണെങ്കിൽ, വ്യവസായത്തെ ഭീമമാക്കുന്നു, പൈശാചികമാക്കുന്നു. അതുകൊണ്ടു പ്രസ്തുതകമ്പനികളുടെ ഓഹരിക്കാർക്കു സമുദായത്തോടു ചില പ്രത്യേക കടമകളുണ്ടു്. താൻ ഓഹരിക്കാരനായിരിക്കുന്ന ഓരോ വ്യവസായത്തിൻേറയും പരിതസ്ഥിതികൾ നല്ലവണ്ണം പഠിച്ചു ന്യൂനതകൾക്കു നിവാരണമുണ്ടാക്കുന്നതു് അയാൾക്കു വലിയ ബുദ്ധിമുട്ടായിരിക്കുന്നതാണ്. പക്ഷേ വലിയ ബുദ്ധിമുട്ടുകൂടാതെ സാധിക്കാവുന്ന മൂന്നു കാര്യങ്ങളുണ്ടു്. ഒന്നാമതായി, സമുദായാഭിവൃദ്ധിക്കു വിരോധമായ വിധത്തിലുള്ളതോ, തൊഴിൽക്കാരുടെ സ്ഥിതി പരിതാപകരമായിട്ടുള്ളതോ ആയ യാതൊരു വ്യവസായ സ്ഥാപനത്തിനും താൻ പണം കൊടുക്കുന്നതല്ല. രണ്ടാമതായി വലിയതും ലാഭകരവുമായ ഏതൊരു സ്ഥാപനവും, അതിലെ തൊഴിലാളികളുടെ ക്ഷേമത്തെ അന്വേഷിക്കേണ്ടതാണെന്നു് അയാൾ വിശ്വസിക്കുന്നതാണ്. മൂന്നാമതായി വ്യവസായത്തിൽ പണമിറക്കിയതുകൊണ്ടു് ആദായം കിട്ടുന്നതാകയാൽ, വ്യവസായങ്ങളുടെ നടത്തിപ്പിനെ ഭേദപ്പെടുത്തുവാനുള്ള ഏതൊരുദ്യമത്തിലും സഹായിക്കുവാൻ അയാൾ സന്നദ്ധനാവുക.

ഇങ്ങനെയുള്ള ഒരു കാര്യത്തിൽ വ്യാപാര നഷ്ടങ്ങളിൽ കണ്ണുചിമ്മുന്ന തത്വശാസ്ത്രമോ, വ്യവസായപരിധിയിൽനിന്നും മുതലാളിത്വത്തെ ഉന്മൂലനംചെയ്യുന്ന നിയമങ്ങളോ അല്ല ആവശ്യം. രാജ്യത്തു് ആകെയുണ്ടാകുന്ന ആദായത്തെ തൊഴിലാളികൾക്കും മുതലാളികൾക്കും വ്യവസായനേതാക്കന്മാൎക്കും, ഉപഭോക്താക്കളായ പൊതുജനങ്ങൾക്കും വിഭജിച്ചു കൊടുക്കുകയാണു വേണ്ടതു്. ആധുനികവ്യവസായലോകത്തിലെ അനിഷ്ടസംഭവങ്ങൾ— മുതലാളികളും തൊഴിലാളികളും തമ്മിലുള്ള കലഹങ്ങൾ, പ്രയത്നത്തിലും സമയത്തിലും വരുന്ന ഭീമമായ നഷ്ടം— ഉണ്ടാകുന്നതു് ഈ ആദായവിഭജനം ശരിയാവാത്തതുകൊണ്ടാണ്. അതുകൊണ്ടു് ഈ ആദായവിഭജനകാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതു് അത്യാവശ്യമാണ്. ആദായത്തിൻെറ ശരിയായ വിഭജനം ആധുനികസാമ്പത്തികലോകത്തിലെ കുഴപ്പങ്ങളിൽ വലിയൊരുഭാഗം നീക്കംചെയ്യുവാൻ സഹായിക്കുമെന്നാണ് ഞങ്ങളുടെ ബലമായ വിശ്വാസം.